

പ്രതീക്ഷയുടെ
പൂമൊട്ടുകൾ
വാല്യം 35 ലക്കം മാർച്ച് 2017 വാർഷിക വരിസംഖ്യ ₹ 100
ഈസ്റ്റർ ആശംസകൾ
പ്രൊസാങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

### പരമാവധി

കർത്താവേ, നീ എന്നെ 'വളരെയധികം' സ്നേഹിച്ചു!
എല്ലാം എനിക്കുവേണ്ടി നീ നല്കി!!
ഇപ്പോൾ നീ എന്റെ ഹൃദയം ചോദിക്കുന്നു
മറ്റെന്താണ് നിനക്ക് എന്നോട് ചോദിക്കാനുള്ളത്?
നക്ഷത്രങ്ങൾ പ്രകാശിക്കാൻ തുടങ്ങുന്നതിനുമുമ്പേ
നിന്റെ ചിന്തയിൽ നീ എന്നെ സ്വപ്നം കണ്ടു!!
നിന്റെ ഹൃദയത്തിൽ നീ എന്നെ താരാട്ടുപാടി!!
ശിശുവായിരുന്നപ്പോഴുള്ള എന്റെ ആദ്യത്തെ
കരച്ചിലിനു മുമ്പേതന്നെ
നിന്റെ ദാനങ്ങളാൽ നീ എന്നെ പൊതിഞ്ഞു
എന്റെ ജീവിതത്തിന്റെ നീണ്ട വർഷങ്ങളിൽ
എപ്പോഴും നീ എനിക്കു വെളിച്ചവും,
സമാധാനവും സ്നേഹവും ആയിരുന്നു.
നിന്റെ ചുവടുകളെ അനുഗമിക്കുവാൻ
സ്നേഹത്തിന്റെ യാത്രയിൽ
കൂടുതൽ കൂടുതൽ ഉയരത്തിൽ കയറുവാൻ
നീ എന്നെ മാധുര്യപൂർവ്വം ക്ഷണിക്കുന്നു.
കർത്താവേ, നിന്നിൽമാത്രം അഭയം കണ്ടെത്തുന്ന
ദൈവികതയുടെ ഒരു വിശപ്പും
'അധിക'ത്തിന്റെ ആർദ്രമായ ദാഹവും
നീ എനിക്കു നല്കേണമേ.
നാഥാ, എപ്പോഴും നിന്റെ അടുത്തായിരിക്കുക
എനിക്കു മാധുര്യമേറിയതാകുന്നു
എന്നാൽ നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകം
എന്നെ കാത്തിരിക്കുന്നു.
കർത്താവേ, സഹോദരങ്ങളോടുകൂടി ഞങ്ങൾ
അങ്ങേക്ക് വിശുദ്ധിയുടെ ഒരു ഗീതം ആലപിക്കട്ടെ
അങ്ങയുടെ മക്കളും എന്റെ സഹോദരങ്ങളുമായവരുടെ
എന്നെ അനുഗ്രഹിച്ചാലും!!

ആമ്മേൻ

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 35 ഉയിർപ്പ് ലക്കം മാർച്ച് 2017

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ലിജോ കരിന്തകരയ്ക്കൽ എ.ഒ.**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ചാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- കർത്താവിനെ വീണ്ടും കണ്ടെത്തുന്നതാണ് ഈസ്റ്റർ 05
- സഭ: മിശിഹായുടെ സ്നേഹം പങ്കിട്ടനുഭവിക്കുന്ന സമൂഹം 07
- അവനാണ് നമ്മുടെ സമാധാനം 11
- പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു. 13
- വിശുദ്ധിയുടെ മുത്തുകൾക്ക് 18-19
- മരിച്ചിട്ടും അവൻ സംസാരിക്കുന്നു 20
- കുമ്പസാരം കാരുണ്യത്തിന്റെ ആഘോഷം 22
- ഉത്ഥിതനെ സ്നേഹിക്കാം 24
- നിങ്ങൾ രണ്ടല്ല ഒന്നാണ് 27
- സെനക്കിൾ തരംഗം 29
- സാധ്യതകൾക്കപ്പുറം 30
- ഉപേക്ഷിക്കില്ലൊരിക്കലും 32
- അമ്മയോടൊപ്പം 34

# ഉറപ്പുള്ള സാന്നിദ്ധ്യം

**ഈ**ശോയുടെ മരണശേഷം ശിഷ്യന്മാരെ ബാധിച്ച ഭയവും പരിഭ്രാന്തിയും ആകുലതയും അരക്ഷിതാവസ്ഥയുമൊക്കെ ഉത്ഥാന ശേഷവും അവരെ പിന്തുടർന്നിരുന്നു. അതുകൊണ്ടാവണം ഈശോ ഉത്ഥാനംചെയ്തു എന്നുള്ള സ്ത്രീകളുടെ സാക്ഷ്യം വിശ്വസിക്കുവാൻ അവർക്കു കഴിയാതെ പോയത്. "ഉയിർപ്പിക്കപ്പെട്ടതിനുശേഷം തന്നെ കണ്ടവരെ വിശ്വസിക്കാത്തതു നിമിത്തം അവരുടെ വിശ്വാസ രാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും അവൻ കുറ്റപ്പെടുത്തി" എന്ന് മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തുന്നുണ്ട് (16,14). വിശ്വാസരാഹിത്യത്തെയും ഹൃദയകാഠിന്യത്തെയും കുറ്റപ്പെടുത്തുമ്പോൾപോലും തന്റെ ശിഷ്യന്മാരോടുള്ള മിശിഹായുടെ സ്നേഹത്തിന് തെല്ലും കുറവുവരുന്നില്ല. മൂന്നു വർഷക്കാലം കൂടെ കൊണ്ടു നടന്ന് സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ ശിഷ്യഗണത്തിന്റെ പരാജയത്തിൽ അവരെ ഉപേക്ഷിച്ച് പുതിയ ശിഷ്യഗണത്തെ സ്വന്തമാക്കാനല്ല ഈശോ ശ്രമിച്ചത്. പരിശുദ്ധാത്മാവിനെ നല്കി അവിടുന്ന് അവരെ ശക്തിപ്പെടുത്തുകയും 'പീഡാനുഭവത്തിനുശേഷം നാല്പതുദിവസത്തേക്ക് അവരുടെ ഇടയിൽ പ്രത്യക്ഷനായി ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുകയും അങ്ങനെ വേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട്, ജീവിക്കുന്നവനായി പ്രത്യക്ഷപ്പെടുകയും' (നട 1,3) ചെയ്തു.

മനുഷ്യമക്കളോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ സവിശേഷത ഇതു സൂചിപ്പിക്കുന്നുണ്ട്. ഓരോ വ്യക്തിയെയും അവനവന്റെ നന്മകളോടും കുറവുകളോടുംകൂടെ, അവൻ ആയിരിക്കുന്ന വിധത്തിൽ, വ്യക്തിപരമായി അവിടുന്നു സ്നേഹിക്കുന്നു. ദൈവസ്നേഹത്തിന്റെ ഈ പ്രത്യേകത സ്വായത്തമാക്കാൻ പരിശ്രമിച്ചാൽ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ അവരെ സ്നേഹിക്കുന്നതിന് നമുക്കൊരു പ്രതിബന്ധമാകില്ല. മറിച്ച്, കൂടുതൽ ഉദാരതയോടെ, ക്ഷമയോടെ, കരുണയോടെ എല്ലാവരെയും സ്നേഹിക്കാൻ നമുക്കാവും.

തന്നെ ഒറ്റിക്കൊടുത്തതിനോ, തള്ളിപ്പറഞ്ഞതിനോ, ഉപേക്ഷിച്ചതിനോ ഒന്നുമല്ല ഈശോ അവരെ കുറ്റപ്പെടുത്തിയത് എന്നതും ശ്രദ്ധേയമാണ്. വിശ്വാസരാഹിത്യത്തെയാണ് അവിടുന്ന് കുറ്റപ്പെടുത്തിയത്. യുഗാന്തംവരെയുള്ള തന്റെ സാന്നിദ്ധ്യം വാഗ്ദാനം ചെയ്തിട്ടാണ് അവിടുന്ന് സ്വർഗാരോഹണം ചെയ്തത്. അനുനിമിഷം നമ്മോടൊപ്പമുള്ള ഉത്ഥിതന്റെ സാന്നിദ്ധ്യത്തിൽ ഉറച്ചുവിശ്വസിച്ചുകൊണ്ടും, അവിടുത്തോടുള്ള കൂട്ടായ്മയിൽ ശക്തിയാർജ്ജിച്ചുകൊണ്ടും, എല്ലാവരെയും സ്നേഹിക്കുന്ന ജീവിതയാത്രയിൽ നമുക്കു മുന്നേറാം. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ ആശംസകൾ!

ചീഫ് എഡിറ്റർ



# കർത്താവിനെ വീണ്ടും കണ്ടെത്തുന്നതാണ് ഈസ്റ്റർ!



ഡോ. തോമസ് പാടിയത്ത്

**ത**ന്റെ പീഡാനുഭവത്തെക്കുറിച്ചു മൂന്നു പ്രവചനങ്ങൾ നടത്തിയ ഈശോ വളരെ വ്യക്തമായി തന്റെ ശിഷ്യന്മാരോടു പറഞ്ഞു: "മനുഷ്യപുത്രൻ വളരെയേറെ സഹിക്കുകയും ജനപ്രമാണികൾ, പുരോഹിതപ്രമുഖന്മാർ, നിയമജ്ഞർ എന്നിവരാൽ തിരസ്കരിക്കപ്പെടുകയും വധിക്കപ്പെടുകയും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു" (ലൂക്കാ 9,22). ഈശോയുടെ ഉത്ഥാനദിവസം കല്ലറയിങ്കലെത്തിയ ഭക്തസ്ത്രീകളോട് മാലാഖ ചോദിച്ചു: "ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെ ഇല്ല, ഉയിർപ്പിക്കപ്പെട്ടു" (ലൂക്കാ 24,5).

ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനവും ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ കേന്ദ്രവും ഈശോയുടെ ഉത്ഥാനമാണ്. അതുകൊണ്ടാണ് ശ്ലീഹാ പറയുന്നത്, "ഈശോ ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസവും ഞങ്ങളുടെ പ്രഘോഷണവും വ്യർത്ഥ"മെന്ന് (1 കൊറി 15,14). കർത്താവിന്റെ ഉയിർപ്പു തിരുനാൾ വീണ്ടും ആഘോഷിക്കുന്ന അവസരത്തിൽ നാം സ്വയം ചോദിക്കണ്ട ചോദ്യം ഉത്ഥാനം എന്താണ് എന്നതാണ്.

**ഈശോയുടെ ഉത്ഥാനം**

ഈശോയുടെ ഉത്ഥാനത്തിന് സഭാപിതാക്കന്മാരും ദൈവശാസ്ത്രജ്ഞന്മാരും വിവിധ വ്യാഖ്യാനങ്ങൾ നല്കിയിട്ടുണ്ട്. അവയൊന്നും നിരാകരിക്കാതെ നമുക്കു പറയുവാൻ സാധിക്കുന്ന ഒരു കാര്യമിതാണ്: കർത്താവിനെ വീണ്ടും കണ്ടെത്തുന്നതാണ് ഈസ്റ്റർ! ഈശോയുടെ മരണം ശിഷ്യന്മാരുടെ ജീവിതത്തിൽ അവശേഷിപ്പിച്ചത് നിരാശയും ദുഃഖവും അസമാധാനവുമെല്ലാമാണ്. അവരുടെ ജീവിതത്തിൽ ഈശോയുടെ അസാന്നിദ്ധ്യം പ്രദാനം ചെയ്തത് ഇവയാണ്. അതുകൊണ്ടുതന്നെ ഉത്ഥാനാനന്തരം ശിഷ്യർക്കു പ്രത്യക്ഷപ്പെട്ട ഈശോയുടെ ആശംസ "നിങ്ങൾക്കു സമാധാനം" എന്നാണ്. ഉത്ഥാനം അവർക്കു പ്രദാനം ചെയ്തത് മ്ലാനവദനങ്ങൾക്കു പകരം തുറക്കപ്പെട്ട കണ്ണുകളും ജ്വലിപ്പിക്കപ്പെട്ട ഹൃദയവുമാണ് (ലൂക്കാ 24,13-35). വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കുവാൻ തക്കവിധം അവരുടെ മനസ്സും അവൻ തുറന്നു (ലൂക്കാ 24,45).

**ഉത്ഥാനാനുഭവം: ആവർത്തിക്കപ്പെടുന്ന എമ്മാവൂസ്**

ജീവിതത്തിൽ ഈശോയെ നഷ്ടപ്പെട്ടവർ അവിടുത്തെ വീണ്ടും കണ്ടെത്തുന്നതാണ് ഈസ്റ്റർ! ഈ കണ്ടുമുട്ടലിനു മാത്രമേ ഉത്ഥാനത്തിന്റെ അനുഭവം പ്രദാനം ചെയ്യാനാകൂ. നിരാശയോടെ ജറുസലേമിൽനിന്ന് എമ്മാവൂസിലേക്കു പുറപ്പെട്ടവർ അവിടുത്തെ കണ്ടുമുട്ടി അഥവാ വീണ്ടും കണ്ടെത്തി. മ്ലാനവദനർ സന്തോഷത്തിന്റെ ഉടമകളായി. ഈശോയെ വീണ്ടും കണ്ടെത്തുമ്പോഴാണ് പാപത്തിന്റെ വേതനമായ മരണ(റോമാ 6,23)ത്തിൽനിന്നും ഉയിർപ്പിന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുന്നത്. അങ്ങനെ മരണമില്ലാത്ത നിത്യജീവൻ (റോമാ 6,23) നമുക്കു ലഭിക്കുന്നു.

ഒരുവന്റെ ജീവിതത്തിൽ ഈശോയുടെ അസാന്നിദ്ധ്യം തീർക്കുന്ന ശൂന്യതയാണ് "മരണ"മെങ്കിൽ അവിടുത്തെ വീണ്ടും കണ്ടെത്തുന്നതാണ് "ഉത്ഥാനം"! അതുകൊണ്ട് ഉയിർപ്പുതിരുനാൾ ഒരുവന്റെ ജീവിതത്തിൽ അനുദിനം ആവർത്തിക്കപ്പെടുന്ന എമ്മാവൂസ് അനുഭവമാണ്: കണ്ണുകൾ തുറക്കുന്ന നിത്യവചനത്തിന്റെയും ഹൃദയം ജ്വലിപ്പിക്കുന്ന അപ്പത്തിന്റെയും അനുഭവം.

**ഉയിർപ്പിന്റെ ആഹ്വാനം**

ഉയിർപ്പുതിരുനാൾ നല്കുന്ന ആഹ്വാനം ഈശോയെ ജീവിതത്തിൽ ദൈവവും കർത്താവുമായി സ്വീകരിക്കാനുള്ള ആഹ്വാനമാണ് (നട 2,36). നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹാ ഏറ്റുപറഞ്ഞ വിശ്വാസമാണത്: എന്റെ കർത്താവും എന്റെ ദൈവവും (യോഹ 20,28). ഈശോയെ കർത്താവും ദൈവവുമായി സ്വീകരിക്കുന്നവരുടെ ജീവിതത്തിൽ അവിടുന്നു മരിക്കുന്നില്ല; മരണമില്ലാത്ത നിത്യജീവനാണവിടുന്ന്. അവർ അവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുകയുമില്ല. മരണത്തിന്റെ വഴി (പാപം) അവർക്ക് അന്യവുമായിരിക്കും. "സുവിശേഷത്തിന്റെ സന്തോഷം ഈശോയെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും മുഴുജീവിതത്തിലും നിറയുന്നു. അവിടുത്തെ രക്ഷ സ്വീകരിക്കുന്നവർ പാപം, ദുഃഖം, ആന്തരിക ശൂന്യത, ഏകാന്തത എന്നിവയിൽനിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. ഈശോയോടൊപ്പം സന്തോഷം നിരന്തരം പുതുജന്മം പ്രാപിക്കുന്നു (EG1). ഇതുതന്നെയല്ലേ ഉത്ഥാനാനുഭവം!



പൂമൊട്ടുകൾ

സെനക്കിൾ ആദ്ധ്യാത്മികത - 41



# സഭ: മിശിഹായുടെ സ്നേഹം പങ്കിട്ടനുഭവിക്കുന്ന സമൂഹം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

സെനക്കിൾ മിശിഹായുടെ സ്നേഹം വെളിപ്പെടുത്തപ്പെട്ട വേദിയാണ്; മിശിഹായുടെ സ്നേഹത്തിന്റെ പ്രത്യേകത വ്യക്തമാക്കപ്പെട്ട വേദിയാണ്. തന്റെ സ്നേഹം പരസ്പരം പങ്കുവയ്ക്കുവാൻ മിശിഹാ ആഹ്വാനംചെയ്തതും സെനക്കിളിലാണ്. തന്റെ സ്നേഹത്തിന്റെ കല്പന പുതിയനിയമ കല്പനയായി മിശിഹാ പ്രഖ്യാപിച്ചതും സെനക്കിളിൽതന്നെയാണ്. സെനക്കിളിൽ വെളിപ്പെടുത്തപ്പെട്ട മിശിഹായുടെ സ്നേഹം പങ്കിട്ടനുഭവിക്കുന്ന സമൂഹമായിരിക്കണം സെനക്കിളിൽ രൂപംകൊണ്ട സഭ എന്ന് ഇതെല്ലാം സൂചിപ്പിക്കുന്നു.

**സെനക്കിളും മിശിഹായുടെ സ്നേഹത്തിന്റെ വെളിപ്പെടുത്തലും**

സെനക്കിൾ രംഗം ആരംഭിക്കുന്നതുതന്നെ മിശിഹായുടെ സ്നേഹത്തെക്കുറിച്ച് പ്രസ്താവിച്ചുകൊണ്ടാണ്: "ഈ ലോകം വിട്ട് പിതാവിന്റെ സന്നിധിയിലേക്കു പോകാനുള്ള സമയമായി എന്ന് പെസഹാത്തിരുനാളിനുമുമ്പ് ഈശോ അറിഞ്ഞു; ലോകത്തിൽ തനിക്കു സ്വന്തമായുള്ളവരെ അവൻ സ്നേഹിച്ചു; അവസാനംവരെ സ്നേഹിച്ചു" (യോഹ 13,1). 'തനിക്കു സ്വന്തമായുള്ളവരെ' എന്നു വിശേ

ഷിപ്പിക്കുന്നത് ഈശോയുടെ പന്ത്രണ്ടു ശിഷ്യന്മാരെ ആയിരിക്കണം. പുരോഹിതപ്രാർത്ഥനയിൽ അവരെ ഈശോ വിശേഷിപ്പിക്കുന്നത് 'പിതാവ് തനിക്കു നല്കിയവർ' എന്നാണ്: "ഞാൻ അവർക്കുവേണ്ടിയാണു പ്രാർത്ഥിക്കുന്നത്; ലോകത്തിനുവേണ്ടിയല്ല, അങ്ങ് എനിക്കു തന്നവർക്കുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്. എന്തെന്നാൽ, അവർ അവിടുത്തേക്കുള്ളവരാണ്. എനിക്കുള്ളതെല്ലാം അങ്ങയുടേതാണ്. അങ്ങേക്കുള്ളതെല്ലാം എന്റേതും" (യോഹ 17,9-10). മിശിഹാ ദൈവത്തെ വെളിപ്പെടുത്തുന്നവനായതുകൊണ്ട് മിശിഹായുടെ സ്നേഹം ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്തുന്നതാണ്. ഈ സ്നേഹം അനുഭവിച്ചറിഞ്ഞ യോഹന്നാൻ തന്റെ ലേഖനത്തിൽ പറയുന്നത് ദൈവം സ്നേഹംതന്നെയാണെന്നാണ് (1 യോഹ 4,8-16). അതുകൊണ്ട്, സ്നേഹംതന്നെയാകുന്ന ദൈവത്തിന്റെ മനുഷ്യനോടുള്ള സ്നേഹമാണ് സെനക്കിളിൽ മിശിഹായുടെ സ്നേഹമായി വെളിപ്പെടുത്തപ്പെട്ടത്.

**സെനക്കിളും മിശിഹായുടെ സ്നേഹത്തിന്റെ പ്രത്യേകതയും**

സെനക്കിളിൽ വെളിപ്പെടുത്തപ്പെട്ട മിശിഹായുടെ സ്നേഹത്തിന്റെ പ്രത്യേകത, അത് ശുശ്രൂഷാമനോഭാവവും ദാസ്യഭാവവും ഉൾക്കൊള്ളുന്നു എന്നതാണ്: "അത്താഴത്തിനിടയിൽ അവൻ എഴുന്നേറ്റ്, മേലങ്കി മാറ്റി, ഒരു തുവാലയെടുത്ത് അരയിൽ കെട്ടി. അനന്തരം ഒരു താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകാനും അരയിൽ ചുറ്റിയിരുന്ന തുവാലകൊണ്ട് തുടയ്ക്കാനും തുടങ്ങി" (യോഹ 13,4-5). മനുഷ്യനെ സ്നേഹിക്കുന്ന ദൈവം അവനോളം താഴ്ന്നിറങ്ങി അവനു ശുശ്രൂഷ ചെയ്യുവാനും അവന്റെ ദാസനാകുവാനും സന്നദ്ധനാണെന്ന് മിശിഹായുടെ പാദം കഴുകൽ ശുശ്രൂഷ വ്യക്തമാക്കുന്നു. മനുഷ്യന്റെ യോഗ്യതയോ അയോഗ്യതയോ പരിഗണിക്കാതെ അവനെ സ്നേഹിക്കുന്നവനാണ് ദൈവം. തനിക്കുവേണ്ടി ജീവൻ ത്യജിക്കുമെന്നു പറഞ്ഞ പത്രോസിന്റെയും തന്നെ ഒറ്റിക്കൊടുത്ത യൂദാസിന്റെയും പാദങ്ങൾ കഴുകിക്കൊണ്ടാണ് ഈശോ അവരെ സ്നേഹിച്ചത്. ഈ സ്നേഹം മാനുഷികമായി അസാദ്ധ്യമാണെന്ന് തന്റെ പാദം കഴുകാൻ വിസമ്മതിച്ച പത്രോസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നുണ്ട് (യോഹ 13,6-8). പക്ഷേ അപ്രകാരം സ്നേഹിക്കുവാൻ ഈശോ തയ്യാറായി. ആ സ്നേഹം സ്വീകരിക്കുവാൻ ഈശോ ശിഷ്യരെ നിർബന്ധിക്കുകയും ചെയ്തു. ദൈവത്തിന്റെ സ്നേഹം ഉപാധികളില്ലാത്തതും ജീവൻ പോലും ത്യജിക്കുവാൻ തയ്യാറാകുന്നതുമാണെന്ന് മിശിഹായുടെ സ്നേഹം വ്യക്തമാക്കുന്നു (യോഹ 15,13).

**സെനക്കിളും തന്റെ സ്നേഹം പങ്കുവയ്ക്കുവാനുള്ള മിശിഹായുടെ ആഹ്വാനവും**

തന്റെ സ്നേഹം പരസ്പരം പങ്കുവയ്ക്കുവാൻ ഈശോ സെനക്കിളിൽ ശിഷ്യരെ ആഹ്വാനംചെയ്തു: "നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങൾ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം. എന്തെന്നാൽ, ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്, ഞാൻ നിങ്ങൾക്കൊരു മാതൃക നല്കിയിരിക്കുന്നു" (യോഹ 13,14-15). മിശിഹായുടെ പുരോഹിതദൗത്യത്തിന്റെ തുടർച്ചയാണല്ലോ സഭയിലെ പുരോഹിതശുശ്രൂഷ. ഈ ദൗത്യമാണ് മിശിഹാ സെനക്കിളിൽ ശിഷ്യന്മാരെ ഭരമേല്പിച്ചതും: "എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ" (ലൂക്കാ 22,19). അതുകൊണ്ട് പുരോഹി





തശുശ്രൂഷ നിർവഹിക്കുന്നവർ സെനക്കിളിൽ മിശിഹാ വെളിപ്പെടുത്തിയ സ്നേഹം പരസ്പരം പങ്കുവയ്ക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഇതു പുരോഹിതരുടെ ദൗത്യവുംകൂടെയാണെന്ന സൂചന സെനക്കിളിലുണ്ട്: "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ല; അയയ്ക്കപ്പെട്ടവൻ അയച്ചവനെക്കാളും" (യോഹ 13,16). മാത്രമല്ല, അപ്രകാരം ഈ സ്നേഹം പങ്കുവച്ചാൽ അവർ അനുഗൃഹീതരാകും എന്നും ഈശോ പ്രഖ്യാപിക്കുന്നുണ്ട്: "ഈ കാര്യങ്ങൾ അറിഞ്ഞ് നിങ്ങൾ ഇതനുസരിച്ചു പ്രവർത്തിച്ചാൽ അനുഗൃഹീതർ" (യോഹ 13,17). അതുകൊണ്ട് സഭയിലെ പുരോഹിതഗണം മിശിഹായുടെ സ്നേഹം പരസ്പരം പങ്കുവച്ച് അനുഗൃഹീതരാകുവാൻ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു.

**സെനക്കിളും സ്നേഹത്തിന്റെ കല്പനയുടെ പ്രഖ്യാപനവും**

ശിഷ്യന്മാരുടെ സമൂഹമായ സഭയിൽ പ്രാവർത്തികമാക്കപ്പെടേണ്ട പുതിയ കല്പന മിശിഹായുടെ സ്നേഹത്തിന്റെ കല്പനയാണ്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35). പന്ത്രണ്ടു ശ്ലീഹന്മാരുടെ അടിത്തറയിൽ താൻ പടുത്തുയർത്താൻ പോകുന്ന സഭാസമൂഹത്തിന്റെ മുഖമുദ്രയായി ഈശോ പ്രഖ്യാപിക്കുന്നതും അവിടുന്നു സെനക്കിളിൽ വെളിപ്പെടു



ത്തിയ സ്നേഹമാണ്. 'പുതിയ കല്പന' എന്നു വിശേഷിപ്പിക്കുവാൻ കാരണമുണ്ട്. അയൽക്കാരനെ സ്നേഹിക്കുവാൻ പഴയനിയമത്തിലും കല്പനയുണ്ടായിരുന്നു (ലേവ്യ 19,18). പക്ഷേ, 'നിന്നെപ്പോലെതന്നെ' സ്നേഹിക്കണമെന്നതായിരുന്നു പഴയകല്പന. പുതിയ കല്പനയാവട്ടെ 'ഈശോ സ്നേഹിച്ചതുപോലെ' സ്നേഹിക്കണമെന്നാണ്. അതുകൊണ്ട് സെനക്കിളിൽ വെളിപ്പെടുത്തപ്പെട്ട ദൈവത്തിന്റെ സ്നേഹമാണ് സഭയിൽ പരസ്പരം ഉളവാകേണ്ട സ്നേഹത്തിനു മാതൃകയാവേണ്ടത്. മാത്രമല്ല, അതു വെറും മനുഷ്യസ്നേഹത്തിനതീതമായതുകൊണ്ട് ഈശോയുടെ സ്നേഹത്തിൽ നിലനില്ക്കുന്നവർക്കേ അപ്രകാരം സ്നേഹിക്കുവാൻ കഴിയുകയുള്ളൂ. "നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" എന്ന് ഈശോ സെനക്കിളിൽ എടുത്തുപറയുന്നുണ്ട് (യോഹ 15,9). മിശിഹായുടെ സ്നേഹത്തിൽ നിലനിന്ന് മിശിഹായുടെ സ്നേഹം പങ്കിട്ടനുഭവിക്കുന്ന സമൂഹമായിത്തീരുക എന്നുള്ളതാണ് സഭാസമൂഹത്തിന്റെ വിളിയും ദൗത്യവും.

**നാലാം നൂറ്റാണ്ടുവരെ സഭ മുഴുവനിലും ആചരിക്കപ്പെട്ടിരുന്ന ഏക തിരുനാളാണ് ഉയിർപ്പുതിരുനാൾ.**

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192







# അവനാണ് നമ്മുടെ സമാധാനം

ജിസ കൂട്ടിയാനിക്കൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

അയാൾ വീടുവിട്ടിറങ്ങി... ഒരല്പം സമാധാനം എവിടെയെങ്കിലും കണ്ടെടുക്കാനാവുമെന്ന പ്രതീക്ഷയിൽ. പ്രശ്നങ്ങളും സംഘർഷങ്ങളും സാമ്പത്തികപ്രതിസന്ധിയും ചുറ്റുംനിന്ന് സംഘനൃത്തമാടുമ്പോൾ ശാന്തതയും സമാധാനവും കിട്ടാക്കനികളാണെന്ന് അയാൾക്കു തോന്നി. അനേക ദിവസങ്ങളിലെ യാത്ര... വിവിധങ്ങളായ ജീവിതാവസ്ഥകൾ... പക്ഷേ, സമാധാനംമാത്രം എവിടെയുമുണ്ടായിരുന്നില്ല. യാത്ര ചെയ്ത് മനസ്സും ശരീരവും തളർന്ന അയാൾ ഒരു കുടിലിന്റെ മുമ്പിലിരുന്നു. ഉള്ളിൽ ഘനീഭവിച്ചിരുന്ന ദുഃഖം അണപൊട്ടിയൊഴുകി. അയാൾ മുഖം പൊത്തി കരഞ്ഞു. കുറേക്കഴിഞ്ഞ് തോളിലൊരു മൃദുസ്പർശം അനുഭവപ്പെട്ടപ്പോൾ അയാൾ തലയുയർത്തിനോക്കി. ഒരു പടുവൃദ്ധ! ആ സ്ത്രീ അയാളെ കൂട്ടിക്കൊണ്ടുപോയി വയറുനിറയെ ഭക്ഷണംകൊടുത്തു. കിടന്നുറങ്ങാൻ ഒരു പായയും. അയാൾ വൃദ്ധയെ ശ്രദ്ധിക്കുകയായിരുന്നു. ആ മുഖത്ത്, താനന്വേഷിച്ച സമാധാനം ഉള്ളതുപോലെ... വലിയ ആകാംക്ഷയോടെ അയാൾ ചോദിച്ചു: "അമ്മേ, അമ്മയ്ക്കെവിടെനിന്നാണീ ശാന്തത? ആരോരും താങ്ങില്ലാത്ത ഈ ഏകാന്തതയിൽ അമ്മയ്ക്കെങ്ങനെ സമാധാനത്തോടെ ജീവിക്കാൻ കഴിയുന്നു? നാളുകളായി ഞാൻ സമാധാനം തേടിയലയുന്നു. ഇന്നുവരെയും യഥാർത്ഥ സമാധാനം കണ്ടെത്താൻ എനിക്കായില്ല". വൃദ്ധ ചിരിച്ചു. എന്നിട്ടു ചോദിച്ചു: "നിന്റെയുള്ളിൽ കണ്ടെത്തേണ്ടതിനെ നീ എന്തിന് പുറത്തന്വേഷിക്കുന്നു?''. വലിയ ഉൾക്കാഴ്ച കിട്ടിയവനായി അയാൾ സ്വന്തം വീട്ടിലേക്കു തിരിച്ചുപോയി.

ഇന്നത്തെ ലോകം നെട്ടോട്ടമോടുന്നത് ജീവിതം സമാധാനപ്രദവും സന്തോഷകരവുമാക്കാനാണ്. നല്ല ജോലിയും ബാങ്ക് ബാലൻസും ലഭിച്ചാൽ, ആഗ്രഹിക്കുന്നതെന്തും കൈപ്പിടിയിലൊതുക്കിയാൽ, സമാധാനമായി എന്നാണ് മനുഷ്യന്റെ വ്യർത്ഥചിന്ത.



എന്നാൽ ഇവയെല്ലാം കൂടുംതോറും ഉള്ളിലെ സമാധാനം പൊയ് പ്പോകുന്നു എന്നതാണ് സത്യം. കാരണം മറ്റൊന്നല്ല: സമാധാനം പുറമെനിന്നു കിട്ടുന്നതല്ല; അത് അവന്റെ ഉള്ളിൽ നിന്നും ഉണ്ടാകേണ്ട യാഥാർത്ഥ്യമാണ്. ഇതറിയാത്ത മനുഷ്യന്റെ പരക്കംപാച്ചിൽ തുടരുകയാണ്.

"അവനാണ് നമ്മുടെ സമാധാനം" (എഫേ 2,14). ഈ ലോകത്തിലെ എല്ലാ സഹനങ്ങളെയും വേദനകളെയും മരണത്തെയും അതിജീവിച്ച് ഉത്ഥാനംചെയ്ത രക്ഷകനെ കണ്ട പൗലോസ്ശ്ലീഹായുടെ വാക്കുകൾ... ഭയചകിതരായി ലോകത്തിന്റെ മുമ്പിൽനിന്നും ഓടിയൊളിച്ച പ്രിയ ശിഷ്യരോടുള്ള ഉത്ഥിതന്റെ സ്നേഹത്തിന്റെ വചനങ്ങളും മറ്റൊന്നായിരുന്നില്ല: "നിങ്ങൾക്കു സമാധാനം" (യോഹ 20,19).

ഈശോയാണ് യഥാർത്ഥ സമാധാനം. ഈ ലോകത്തിലേക്കുള്ള അവന്റെ ജനനവേളയിൽ മാലാഖമാർ പാടിയത് ഈ സമാധാനത്തിന്റെ ഗീതമാണ് (ലൂക്കാ 2,14). ഈ ലോകത്തിലെ അവന്റെ അവസാന സാന്നിദ്ധ്യത്തിലും നമുക്കു നല്കിയത് ഈ സമാധാനംതന്നെ. ഈ സമാധാനം സ്വന്തമാക്കാതെ നമുക്കൊരിക്കലും ശാന്തരാകാനാവില്ല. അവന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ ഭരണം നടത്തണം. "മിശിഹായുടെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. ഈ സമാധാനത്തിലേക്കാണ് നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടത്" (കൊളോ 3,15). അവന്റെ ഭരണം എന്നാൽ അവന്റെ ഇഷ്ടം നിറവേറ്റലാണ്. ദൈവഹിതത്തിനു പകരം ക്രിസ്ത്യാനി ഇന്ന് അന്വേഷിക്കുന്നത് സ്വന്തം ഇഷ്ടമാണ്. സ്വന്തം കഴിവും വിദ്യാഭ്യാസവും അറിവുംകൊണ്ട് എല്ലാം നേടാം എന്ന മിഥ്യാബോധം അവനെ ഭരിക്കുന്നു. സ്വന്തം നേട്ടങ്ങളെക്കുറിച്ചുള്ള വ്യർത്ഥചിന്തയും ലോകം മുഴുവനും കൈവെള്ളയിലാണെന്ന ധാരണയുമാണ് അവന്റെ സമാധാനക്കേടിന്റെ പ്രധാന കാരണം.

ഈ ഉയിർപ്പുതിരുനാൾ നമുക്കൊരു തിരിഞ്ഞുനടപ്പിനു കാരണമാകട്ടെ. നമ്മുടെ അഹത്തെ നമുക്ക് മാറ്റി വയ്ക്കാം. സ്വന്തം ഇഷ്ടങ്ങൾക്കപ്പുറം, നമ്മെക്കുറിച്ച് വ്യക്തമായ പദ്ധതികൾ തയ്യാറാക്കി വച്ചിരിക്കുന്നവൻ കാലത്തിന്റെ പൂർണതയിൽ നമുക്കെല്ലാം നന്മയ്ക്കായി ഭവിപ്പിക്കും എന്ന സത്യം ഹൃദയത്തിലുറപ്പിക്കാം. അപ്പോൾ നമ്മുടെ സഹനങ്ങൾക്കും വേദനകൾക്കും അർത്ഥം കണ്ടെത്താനാവും. അവൻ നമ്മിൽ ഭരണം നടത്തട്ടെ! അപ്പോൾ സമാധാനത്തിന്റെ വസന്തം നമ്മുടെ ഹൃദയങ്ങളിൽ ഉദിക്കും. ഏവർക്കും ഉത്ഥിതന്റെ സമാധാനം ആശംസിക്കുന്നു.






# പുണ്യവാന്മാരുടെ ഐക്യത്തിലും ഞാൻ വിശ്വസിക്കുന്നു



**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**റെക്ടർ, മേരിമാതാ മൈനർ സെമിനാരി, കാഞ്ഞിരപ്പള്ളി**

ഉയിർപ്പുകാലത്തിലെ ആദ്യവെള്ളിയാഴ്ച സകലവിശുദ്ധരുടെയും തിരുനാൾ സഭ ആഘോഷിക്കുന്നു. ഈ അവസരത്തിൽ സഭയുടെ തിരുനാളാഘോഷങ്ങളും വിശുദ്ധരോടുള്ള ഭക്തിയും വിലയിരുത്തേണ്ടതാണെന്ന് സഭയിലെ ഇന്നത്തെ ആചരണങ്ങൾ വ്യക്തമാക്കുന്നു.

വിശുദ്ധ കത്തോലിക്കാസഭയിലും പുണ്യവാന്മാരുടെ ഐകൃത്തിലും ഞാൻ വിശ്വസിക്കുന്നു എന്ന് എല്ലാ കത്തോലിക്കാവിശ്വാസികളും വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നു. തിരുസഭ വിശുദ്ധരുടെ കൂട്ടായ്മയാണ്. വിശുദ്ധ പൗലോസ്ശ്ലീഹാ സഭകൾക്ക് കത്തെഴുതുമ്പോൾ (റോമാ 1,7; 1 കോറി 1,2–3) വിശുദ്ധരും വിശുദ്ധരാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരും എന്നാണ് സംബോധന ചെയ്യുന്നത്. പത്രോസ്ശ്ലീഹാ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു: "നിങ്ങൾ ഈശോമിശിഹാവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ... നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിൻെറ സ്വന്തം ജനവുമാണ്.



അതിനാൽ, അന്ധകാരത്തിൽനിന്നു തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നൻമകൾ പ്രകീർത്തിക്കണം" (1 പത്രോസ് 2,5-9). വിശ്വസിച്ച് മാമ്മോദീസ സ്വീകരിച്ചവരെല്ലാം വിശുദ്ധരും വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നവരുമാണ്. വിശ്വാസം വഴി നാം ദൈവപുത്രരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. ''ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല; വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്'' (എഫേ 2,19). ദൈവമക്കൾക്ക് ദൈവപിതാവിന്റെ മുഖഛായ ഉണ്ടാവണം, അവർ വിശുദ്ധരായിരിക്കണം. അതിനു കാരണമെന്തെന്ന് ലേവ്യർ 11,44-45 ഉദ്ധരിച്ച് വി.പത്രോസ് ശ്ലീഹാ ശക്തമായി പ്രഘോഷിക്കുന്നു: "നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ''ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ''(1 പത്രോസ് 1:15-16).

**ആരാണ് വിശുദ്ധർ?**

വിശുദ്ധിലേക്കുള്ള സാർവ്വത്രിക വിളിക്ക് ജീവിതത്തിലൂടെ സമ്പൂർണ്ണമായി ഉത്തരം നൽകിയവരെയാണ് സഭ വിശുദ്ധരെന്ന് നാമകരണം ചെയ്യുന്നത്. അപ്രകാരം ജീവിത മാതൃക നൽകിയവരെ അനുസ്മരിക്കുകയും അനുകരിക്കുകയും ചെയ്യുന്നതോടൊപ്പം അവരുടെ പാത പിഞ്ചെന്ന് ദൈവസന്നിധിയിൽ എത്തുവാനുള്ള പരിശ്രമവും എന്നും സഭ നടത്തിയിരുന്നു. ഹെബ്രായർക്കുള്ള ലേഖനം നമ്മെ അനുസ്മരിപ്പിക്കുന്നു: ''നിങ്ങളോടു ദൈവവചനം പ്രസംഗിച്ച നിങ്ങളുടെ നേതാക്കന്മാരെ ഓർക്കുവിൻ. അവരുടെ ജീവിതചര്യയുടെ ഫലം കണക്കിലെടുത്ത് അവരുടെ വിശ്വാസം അനുകരിക്കുവിൻ" (ഹെബ്രാ 13,7). ആകയാൽ, "സഹോദരരേ, നിങ്ങളുടെയിടയിൽ അധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ നയിക്കുകയും അനുശാസിക്കുകയും ചെയ്യുന്നവരെ





അവരുടെ അധ്വാനം പരിഗണിച്ച് അത്യധികം സ്നേഹത്തോടെ ബഹുമാനിക്കണം" (1 തെസ 5,12-13) എന്ന് വി. പൗലോസ്ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നതുപോലെ, സഭ നമ്മോടും അഭ്യർഥിക്കുന്നു.

മോശയ്ക്ക് അഹറോനെ നൽകിയതുപോലെ, ദൈവജനത്തിന് അഗ്നിസ്തംഭവും മേഘസ്തംഭവും നൽകിയതുപോലെ, ശ്ലീഹന്മാർക്ക് പരിശുദ്ധാത്മാവാകുന്ന സഹായകനെ നൽകിയതു പോലെ വിശുദ്ധരെ നല്കി അവിടുന്ന് നമ്മെയും സഹായിക്കുന്നു. നമുക്കായി നൽകപ്പെട്ട ദൈവിക കൂട്ടുകാരും സമ്മാനവുമാണ് വിശുദ്ധർ.

നാം ഇതുവരെ പോയിട്ടില്ലാത്ത സ്ഥലത്തേക്ക് യാത്ര പോകുമ്പോൾ നമുക്കൊരുവനെ കൂട്ടുകാരനും സഹായിയുമായി ലഭിച്ചാൽ ആ സഹായകനെ നൽകിയവനോട് നാം നന്ദിയുള്ള വരായിരിക്കുമല്ലോ. വിശുദ്ധർ നമുക്ക് വഴികാട്ടിയും സഹായിയും മാതൃകയുമായി വർത്തിക്കുന്നു. അവരെ നമുക്ക് നൽകിയതാകട്ടെ ദൈവവും. ആകയാൽ ദൈവത്തിന് നാം അവരെപ്രതി നന്ദി പറയേണ്ടിയിരിക്കുന്നു. വിശുദ്ധരെ നമുക്ക് നൽകിയ ദൈവത്തിന് അവരുടെ ജീവിതത്തെ സ്മരിച്ച് ആരാധനയർപ്പിക്കുന്ന അവസരമാണ് തിരുനാളുകൾ.

വിശുദ്ധർ ആരെന്നു വെളിപാടു പുസ്തകം വെളിവാക്കിതരുന്നു: "ഇതിനു ശേഷം ഞാൻ നോക്കിയപ്പോൾ ഇതാ, എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കും സാധിക്കാത്ത ഒരു വലിയ ജനക്കൂട്ടം. അവർ സകല ജനതകളിലും ഗോത്രങ്ങളിലും രാജ്യങ്ങളിലും ഭാഷകളിലും നിന്നുള്ളവർ. അവർ വെള്ളയങ്കിയണിഞ്ഞു കൈകളിൽ കുരുത്തോലയുമായി സിംഹാസനത്തിനുമുമ്പിലും കുഞ്ഞാടിന്റെമുമ്പിലും നിന്നിരുന്നു". ദൈവസന്നിധിയിലായിരിക്കുന്ന അവർ എന്താണ് ചെയ്യുന്നത് എന്നും തിരുവചനം തുടർന്ന് പറയുന്നു. ''അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: സിംഹാസനാരൂഢനായ നമ്മുടെ ദൈവത്തിന്റെയും കുഞ്ഞാടിന്റെയും പക്കലാണു രക്ഷ... അവർ സിംഹാസനത്തിനുമുമ്പിൽ കമിഴ്ന്നുവീണ്, ദൈവത്തെ ആരാധിച്ചുകൊണ്ടു പറഞ്ഞു: ആമ്മേൻ, നമ്മുടെ ദൈവത്തിനു സ്തുതിയും മഹത്ത്വവും ജ്ഞാനവും കൃതജ്ഞതയും ബഹുമാനവും അധികാരവും ആധിപത്യവും എന്നേക്കുമുണ്ടായിരിക്കട്ടെ! ആമ്മേൻ" (വെളി 7,9-12).

വെള്ളയങ്കിയണിഞ്ഞ ഇവർ ആരാണെന്നും ഇവർ എവിടെനിന്നു വരുന്നുവെന്നും വിശുദ്ധ ഗ്രന്ഥം വെളിപ്പെടുത്തിത്തരുന്നു: ''ഇവരാണു വലിയ ഞെരുക്കത്തിൽനിന്നു വന്നവർ; കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങൾ കഴുകി വെളുപ്പിച്ചവർ. അതുകൊണ്ട് ഇവർ ദൈവത്തിന്റെ സിംഹാസനത്തിനുമുമ്പിൽ നിൽക്കുകയും, അവിടുത്തെ ആലയത്തിൽ രാപകൽ അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. സിംഹാസനസ്ഥൻ തന്റെ സാന്നിധ്യത്തിന്റെ കൂടാരത്തിൽ അവർക്ക് അഭയംനൽകും'' (വെളി 7,13-15). ജീവിതക്ലേശങ്ങളുടെ സഹനങ്ങളിലൂടെയും ഞെരുക്കങ്ങളിലൂടെയും കടന്നുപോയവരാണ് വിശുദ്ധർ. വിശുദ്ധരെ കുറവുകളിൽ നിന്നു വിമോചിപ്പിച്ച് വിശുദ്ധിയുടെ ധവളവസ്ത്രമണിയിച്ചത് ഈശോയാണ്. ''ഈശോമിശിഹായുടെ ശരീരം എന്നേക്കുമായി ഒരിക്കൽ സമർപ്പിക്കപ്പെട്ടതു വഴി നാം വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു" എന്ന് ഹെബ്രായർക്കുള്ള ലേഖനം (10,10) നമ്മെ പഠിപ്പിക്കുന്നു.

വിശുദ്ധർ സ്വർഗീയ ആരാധനയിൽ പങ്കാളികളും മറ്റുള്ളവരെ അതിലേക്ക് നയിക്കുവാൻ മധ്യസ്ഥത വഹിക്കുന്നവരുമാണ്. **പരിശുദ്ധ മറിയത്തിന്റെയും**

**ശതാധിപന്റെയും തളർവാത രോഗിയുമായി വന്നവരുടെയും സിനഗോഗധികാരിക്കായി അപേക്ഷിച്ച ശ്ലീഹന്മാരുടെയുമെല്ലാം മധ്യസ്ഥതയും അപേക്ഷകളും ശ്രവിച്ച് അനുഗ്രഹിച്ച ദൈവപുത്രൻ ഇന്നും, ദൈവികമനുഷ്യരുടെ മധ്യസ്ഥതയിൽ നാം അപേക്ഷിക്കുമ്പോഴും, ഉത്തരം അരുളുക തന്നെ ചെയ്യും.**

### വിശുദ്ധരോടുള്ള വണക്കം

വിശുദ്ധരോടുള്ള വണക്കം എപ്രകാരമായിരിക്കണമെന്നും ശ്ലീഹന്മാർ നമ്മെ പഠിപ്പിക്കുന്നുണ്ട്: "പത്രോസ് അവരോടു പറഞ്ഞു: ഇസ്രായേൽ ജനമേ, നിങ്ങളെന്തിന് ഇതിൽ അദ്ഭുതപ്പെടുന്നു? ഞങ്ങൾ സ്വന്തം ശക്തിയോ സുകൃതമോകൊണ്ട് ഇവനു നടക്കാൻ കഴിവുകൊടുത്തു എന്ന മട്ടിൽ ഞങ്ങളെ സൂക്ഷിച്ചുനോക്കുന്നതെന്തിന്? അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവം, നമ്മുടെ പിതാക്കന്മാരുടെ ദൈവം, തന്റെ ദാസനായ ഈശോയെ മഹത്ത്വപ്പെടുത്തിയിരിക്കുന്നു" (നട 3,12-13). വെളിപാടുഗ്രന്ഥം നമുക്ക് കാട്ടിതന്നത് വിശുദ്ധാത്മാക്കൾ ദൈവസന്നിധിയിൽ നമസ്കരിച്ച് ആമ്മേൻ പറയുന്നതായാണ്. എന്നാൽ അത്ഭുതങ്ങൾ കണ്ട കൊർണേലിയൂസ്, പത്രോസ് അകത്തു പ്രവേശിച്ചപ്പോൾ അവനെ സ്വീകരിച്ച് കാൽക്കൽ വീണു നമസ്കരിച്ചു. അപ്പോൾ പത്രോസ് അതു വിലക്കികൊണ്ടുപറയുന്നു: "എഴുന്നേൽക്കുക, ഞാനും ഒരു മനുഷ്യനാണ്" (നട 10,25-26).

വത്തിക്കാൻ കൗൺസിൽ ദൈവാരാധനയെക്കുറിച്ചുള്ള പ്രമാണരേഖയിൽ (108,111) വ്യക്തമായി പഠിപ്പിക്കുന്നു - വിശുദ്ധർ വണക്കത്തിനു യോഗ്യരാണ്, അവർ ദൈവസന്നിധിയിൽ ഏകമധ്യസ്ഥനായ ഈശോയുടെ മധ്യസ്ഥതയിൽ പങ്കാളികളുമാണ്. ആരാധന ദൈവത്തിനു മാത്രമാണ് അർപ്പിക്കേണ്ടത്. വിശുദ്ധരുടെ തിരുനാളുകൾക്ക് രക്ഷാരഹസ്യങ്ങളുടെ ആഘോഷങ്ങളെക്കാളോ, ഈശോയുടെ തിരുനാളുകളെക്കാളോ, ഞായറാഴ്ച ആചരണത്തെക്കാളോ പ്രാധാന്യം നൽകാൻ പാടില്ല. അതിനാൽ പൗരസ്ത്യ ആരാധനാവത്സരപഞ്ചാംഗത്തിൽ വിശുദ്ധരുടെ തിരുനാളുകൾ ഞായറാഴ്ചകളിൽ ഉൾപ്പെടുത്തുകയില്ല.

### തിരുനാളുകൾ എന്ത്? എന്തിന്?

എല്ലാ സമൂഹവും ആ സമൂഹത്തിൽ വിജയം നേടുന്നവരെയും നേതൃത്വം വഴി മുന്നോട്ട് നയിക്കുന്നവരെയും ജീവിതമാതൃകകളാകുന്നവരെയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നത് സാധാരണമാണ്. അത് അവരുടെ സംസ്കാരത്തിന്റെ പ്രകാശനവും സ്നേഹത്തിന്റെ പ്രകടനവും സമൂഹത്തിന്റെ കൂട്ടായ്മയുടെ അനുഭവവുമാണ്. വിശ്വാസജീവിതത്തിൽ വിജയംവരിച്ച നീതിമാന്മാരുടെയും മകുടം ചൂടിയ രക്തസാക്ഷികളുടെയും സ്മരണ കൊണ്ടാടുകയെന്നത് സഭയുടെ പാരമ്പര്യമാണ്. ഇത്തരത്തിലുള്ള നല്ല മനുഷ്യരെക്കുറിച്ചുള്ള ഓർമ്മകളാണ് പിൻതലമുറക്കാർക്ക് വഴികാട്ടികളാകേണ്ടത്.

വിശുദ്ധ ബർണാർദിനെ ഉദ്ധരിച്ചുകൊണ്ട് ബനഡിക്ട് മാർപാപ്പ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു: "വിശുദ്ധർക്ക് ബഹുമാനവും സ്തുതിയും ആവശ്യമില്ല. നൊവേനകളും സ്തുതിപ്പുകളും അവർക്ക് പ്രത്യേക നേട്ടങ്ങൾ ഉണ്ടാക്കുകയുമില്ല. എന്നാൽ അവരെ അനുസ്മരിക്കുമ്പോൾ എന്നിൽ അടങ്ങാത്ത ഒരു ആഗ്രഹം ഉജ്ജ്വലിക്കുന്നു". ഇതാണ് തിരുനാളുകളുടെ ലക്ഷ്യം - ദൈവത്തിന്റെ മനുഷ്യരാണ് നമ്മോടൊപ്പം ഉണ്ടായിരുന്നവർ എന്ന ബോധ്യം നൽകുന്നു; നാമും വിശുദ്ധ





ഉയിർപ്പു ലക്കം, മാർച്ച് 2017



രുടെ കുടുബാംഗങ്ങളാണ് എന്ന അനുഭവം തരുന്നു. ശ്ലീഹാ ഇക്കാര്യം നമ്മെ ഓർമ്മപ്പെടുത്തുന്നത് (എഫേ 2,19-20) നാം മുമ്പ് ഉദ്ധരിച്ചിരുന്നല്ലോ.

### തിരുശ്ശേഷിപ്പുകൾ

വീരോചിത ജീവിതംനയിച്ച് കടന്നുപോയവരുടെ സ്മരണ എന്നും മനുഷ്യസമൂഹം കൊണ്ടാടിയിരുന്നു, കാരണം അത് ആ സമൂഹത്തിന്റെ നിലനില്പിന് ഊർജ്ജം പകരുന്നു. അവരുടെ സ്മരണ നിലനിർത്തുവാൻ സ്മാരകങ്ങൾ നിർമ്മിക്കുന്നു, സ്മൃതിമണ്ഡപങ്ങൾ തീർക്കുന്നു, ഓർമ്മദിനങ്ങളിൽ അവരുടെ ഭൗതികശരീരം അടക്കം ചെയ്ത ഇടങ്ങളിൽ ഒത്തുചേരുന്നു. പ്രസ്തുത ഇടങ്ങളിൽ എത്താൻ കഴിയാത്തവർ ചിത്രങ്ങളുടെയോ അവരുടെ സ്മരണ ഉണർത്താൻ കഴിയുന്ന വസ്തുക്കളുടെയോ സാന്നിധ്യത്തിൽ അവരുമായി ബന്ധപ്പെട്ട മറ്റിടങ്ങളിൽ ഒന്നുചേരുന്നു. പ്രിയപ്പെട്ടവരുടെ ഓർമ്മദിനത്തിൽ അവരുടെ കല്ലറകൾ സന്ദർശിക്കുക എന്നത് കുടുബാംഗങ്ങളുടെ കടമയായിപ്പോലും കരുതപ്പെടുന്നു.

ഭൗമിക സഭയിൽനിന്നും മരണംമൂലം വേർപ്പെട്ട് സകല വിശുദ്ധരോടുമൊപ്പം സ്വർഗീയ സഭയിലായിരിക്കുന്ന പുണ്യാത്മാക്കളുടെ സ്മരണയുണർത്തുവാൻ തീർത്ഥാടനങ്ങൾ നടത്തുന്ന പതിവ് ആദ്യനൂറ്റാണ്ടുമുതൽതന്നെ സഭയിൽ നിലനിന്നിരുന്നു. തീർത്ഥകേന്ദ്രങ്ങളിലേക്ക് (ഭൗതികശരീരം അടക്കം ചെയ്യപ്പെട്ട സ്ഥലങ്ങൾ, ജീവിതകാലം ചെലവഴിച്ച സ്ഥലങ്ങൾ, ഉപയോഗിച്ച വസ്തുക്കൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഭവനങ്ങൾ തുടങ്ങിയവ) പോകാൻ കഴിയാത്തവർക്കും വിശുദ്ധരുടെ സ്മരണ നിരന്തരം ഉണർത്തി വിശ്വാസജീവിതം ഉത്തേജിപ്പിക്കുവാൻ (1) വിശുദ്ധരുടെ ശരീരഭാഗങ്ങൾ, (2) അവർ ഉപയോഗിച്ച വസ്തുക്കൾ, (3) അവരുടെ ഭൗതികശരീരത്തിലോ കല്ലറകളിലോ സ്പർശിച്ച വസ്തുക്കൾ തുടങ്ങി മൂന്നു തലങ്ങളിലുള്ള ഭൗതികയാഥാർത്ഥ്യങ്ങൾ വണങ്ങുന്ന രീതി സഭയിൽ നിലനിന്നിരുന്നു. ഇത്തരം വസ്തുക്കളെ തിരുശ്ശേഷിപ്പുകൾ എന്നു വിശേഷിപ്പിക്കുകയും ചെയ്തിരുന്നു. അവ വിശുദ്ധരുടെ ഭൗതികമായ അടുപ്പം അനുഭവിക്കുവാനും കൂടുതൽ തീക്ഷ്ണമായി പ്രാർത്ഥിക്കുവാനും ഇടയാക്കുന്നു. ഈ പ്രാർത്ഥനയുടെ ശക്തിയും വിശ്വാസത്തിന്റെ തീവ്രതയും സ്വാഭാവികമായും ദൈവകൃപ സ്വീകരിക്കുന്നതിനുള്ള അവസരമാക്കിതീർക്കുന്നു. സഭയുടെ വിശ്വാസമനുസരിച്ച് മരണം നിത്യവസതിയിലേക്കുള്ള കവാടമാണ്. അത് മനുഷ്യന്റെ അന്ത്യമല്ല. നിത്യജീവനിലേക്ക് പ്രവേശിച്ചവർ എന്ന നിലയിൽ വിശുദ്ധരുടെ സജീവസാന്നിധ്യാനുഭവത്തിനു തിരുശ്ശേഷിപ്പുകൾ വഴിയൊരുക്കുന്നു.

ഇത്തരത്തിലുള്ള അനുഭവസാക്ഷ്യങ്ങൾ വിശുദ്ധഗ്രന്ഥത്തിൽതന്നെ നാം കാണുന്നു. "പൗലോസിൻെറ കരങ്ങൾവഴി ദൈവം അസാധാരണമായ അദ്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവൻെറ ശരീരസ്പർശമേറ്റ തൂവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തുകൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു" (നട 19,11-12). "അവർ രോഗികളെ തെരുവീഥികളിൽകൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നുപോകുമ്പോൾ അവന്റെ നിഴലെങ്കിലും അവരിൽ ഏതാനും പേരുടെമേൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു അത്" (നട 5:15-16). എല്ലാവർക്കും രോഗശാന്തി ലഭിച്ചു.

വിശുദ്ധരുടെ മാതൃകയും മധ്യസ്ഥതയും ആദിമസഭ വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്തു. ഈശോയിലേക്ക് നമ്മെ നയിക്കുമ്പോൾ മാത്രമാണ് തിരുശ്ശേഷിപ്പുകൾ യഥാർത്ഥ ഭക്തിയും അനുഗ്രഹദായകമായ അനുഭവങ്ങളുമായിതീരുന്നത്.





കൂട്ടുകാരേ, ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ഈ ലക്കത്തിലെ പ്രതീക്ഷയുടെ പൂമൊട്ടുകൾ മുഴുവൻ വായിക്കണേ. ഉത്തരങ്ങൾ ഇതിന്റെ താളുകളിൽ ഒളിഞ്ഞുകിടപ്പുണ്ട്.

1. സീറോ മലബാർ സഭയിൽ സകല വിശുദ്ധരുടെയും തിരുനാൾ ആഘോഷിക്കുന്നതെന്ന്?
2. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനവും ശ്ലീഹന്മാരുടെ പ്രബോധനത്തിന്റെ കേന്ദ്രവും എന്താണ്?
3. ഉയിർപ്പുകാലത്തെ ആറാമത്തെ വ്യാഴാഴ്ച ആഘോഷിക്കുന്ന തിരുനാൾ ഏത്?
4. ശിഷ്യന്മാരുടെ സമൂഹമായ സഭയിൽ പ്രാവർത്തികമാക്കപ്പെടേണ്ട പുതിയ കല്പന ഏത്?
5. ആത്മാക്കളുടെ വേട്ടക്കാരൻ എന്ന അപരനാമത്തിലറിയപ്പെടുന്ന വിശുദ്ധനേത്?
6. "കാരുണ്യവും കഷ്ടതയും" എന്ന ശ്ലൈഹിക ലേഖനത്തിൽ കുമ്പസാരമെന്ന കൂദാശയെ എങ്ങനെയാണ് ഫ്രാൻസിസ് പാപ്പ വിശേഷിപ്പിക്കുന്നത്?

നോമ്പുലക്കത്തിലെ വിജയി:
ലിറ്റ്സമോൾ ലിറ്റോ, ഒളശ്ശയിൽ, ചങ്ങനാശ്ശേരി

ഉത്തരങ്ങൾ

1. ............................
2.
3.
4.
5.
6.

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം.
ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി – ഏപ്രിൽ – 30).
**അയയ്ക്കേണ്ട വിലാസം:** പ്രതീക്ഷയുടെ പൂമൊട്ടുകൾ,
സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018





# കുഞ്ഞാറ്റയുടെ കുമ്പസാരം

വി. കുർബാന സ്വീകരണത്തിന്റെ സമയത്ത് 'ഈശോയേ, എന്റെ ഉള്ളിലും വന്നു നിറയണമേ' എന്ന് കുഞ്ഞാറ്റയുടെ കുഞ്ഞു ഹൃദയം മന്ത്രിക്കുന്നുണ്ടായിരുന്നു. പ.കുർബാന കഴിഞ്ഞ് മമ്മിയോടൊപ്പം വീട്ടിലേക്കു മടങ്ങവേ അധികമൊന്നും അവൾ സംസാരിച്ചില്ല. രാവിലെ പറഞ്ഞതും, തിരുവചനഭാഗവും, അച്ചന്റെ പ്രസംഗവുമെല്ലാം അവളുടെയുള്ളിൽ അലയടിച്ചുകൊണ്ടിരുന്നു. വീട്ടിലെത്തി ഡാഡിയുടെ അടുത്തേക്കോടി സംഭവിച്ചതിന്റെയെല്ലാം ഒരു വിവരണം പറഞ്ഞുകേൾപ്പിച്ചു. പിന്നെ പതുക്കെ പേപ്പറും പേനയുമെടുത്ത് മാറി മാറി നടന്ന് ഓരോന്നോർത്ത് എഴുതിത്തുടങ്ങി. കുഞ്ഞാറ്റയിലെ മാറ്റങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരുന്ന ചേട്ടായിമാർ രംഗപ്രവേശനം ചെയ്തു. "എടീ കുഞ്ഞാറ്റേ, എന്താ മോൾക്കൊരു മാറ്റം"? വല്ല്യേട്ടായുടെ വകയാണ്. അപ്പോൾ ഏതുനേരവും പിറകേ നടന്ന് വഴക്കുണ്ടാക്കുന്ന കുഞ്ഞേട്ടായുടെ വക ചോദ്യം "എടീ കുഞ്ഞുപാറ്റേ, നിനക്കെന്താ ഒരു മാനസാന്തരം. ഞാനിനി നിനക്ക് രൂപക്കൂടുകൂടി പണിയണോ? കുഞ്ഞാറ്റയെ പറന്നുചെന്ന് കൊത്തിപ്പറിക്കും വിധമുള്ള വാക്കുകൾ. ആദ്യം കുഞ്ഞാറ്റ പഴയപടി സട കുടഞ്ഞൊന്നു നോക്കി. പെട്ടെന്ന് വല്ലാത്തൊരു നിസ്സഹായ ഭാവം. ഡാഡിയും മമ്മിയും എല്ലാം ശ്രദ്ധിച്ചുകൊണ്ടു നിൽക്കുന്നുണ്ടായിരുന്നു. ഡാഡി പെട്ടെന്ന് കുഞ്ഞാറ്റയ്ക്ക് കൂട്ടായെത്തി. ''എടാ കുട്ടാ, കുഞ്ഞാറ്റയോട് വഴക്കുണ്ടാക്കരുത്. അവൾ ആദ്യകുമ്പസാരത്തിന് ഒരുങ്ങുകയാ. അവളെ സഹായിക്കാൻ പറ്റുമെങ്കിൽ അതുചെയ്യ്''. കുഞ്ഞേട്ടായി പറഞ്ഞു: ''എന്റെ കുഞ്ഞുപാറ്റേ, നിന്റെ പാപം മുഴുവൻ എണ്ണിയെണ്ണി ഞാൻ പറഞ്ഞുതരാം. ഹോ എന്തുമാത്രം വലിയപാപങ്ങളാ നീ എഴുതിയത്... കാണിക്ക്''. അവളുടെ പിറകേകൂടി നടക്കുന്ന കുഞ്ഞേട്ടായിയുടെ കുസൃതിയും കുശുമ്പും കണ്ട് അവൾ ചിരിച്ചുപോയി. ഡാഡി ഒരു വിധത്തിലാണ് അവളെ രക്ഷിച്ചത്.

**ഷീജാ കാലായിൽ**



# മരിച്ചിട്ടും അവൻ സംസാരിക്കുന്നു

## വി. ആൻഡ്രൂസ് ബൊബോള

**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്തു...
മരത്തിൽ കെട്ടിയിട്ടു പ്രഹരിച്ചു...
ഒരു കണ്ണു ചൂഴ്ന്നെടുത്തശേഷം കൈ അറ്റുപോകുന്നവിധത്തിൽ മാരകായുധങ്ങൾ ഉപയോഗിച്ചു പ്രഹരമേല്പിച്ചു...
മണിക്കൂറുകൾ നീണ്ടുനിന്ന ക്രൂരമായ പീഡനം...
ദേഹമാസകലം പൊള്ളിച്ചശേഷം തലയിലെയും ശരീരത്തിലെയും തൊലിയുരിഞ്ഞെടുത്തു...
നാവു പിഴുതെടുക്കുന്നതുവരെയും തന്നെ ക്രൂരമായി പീഡിപ്പിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു: 'പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ'.
വിശ്വസിക്കുവാൻപോലും പറ്റാത്തവിധം ഭീകരവും ക്രൂരവും നിന്ദ്യവുമായ ഈ പീഡനങ്ങൾക്കിടയിലും വിശ്വാസം ഉപേക്ഷിക്കാൻ കൂട്ടാക്കാത്ത അദ്ദേഹത്തിന്റെ തലയിൽ ശത്രുക്കളേല്പിച്ച മാരകപ്രഹരമാണ് മരണകാരണമായതെന്ന് അന്ത്യവിവരണം രേഖപ്പെടുത്തുമ്പോൾ, മരിച്ചിട്ടും അദ്ദേഹം നമ്മോടു സംസാരിക്കുകയാണ്.

ഐ. എസ്. ഭീകരത അനുദിനം സംഹാരതാണ്ഡവമാടുമ്പോൾ ടോം ഉഴുന്നാലിലച്ചനെപ്പോലെയുള്ള അനേകം ക്രൈസ്തവസഹോദരങ്ങൾ വിശ്വാസത്തിനുവേണ്ടി അനുനിമിഷം അനുഭവിക്കുന്ന മാനസിക-ശാരീരിക-ആത്മീയപീഡനങ്ങളുടെ നടുവിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ നടുവിൽ നാം ജീവിതം ആഘോഷിക്കുമ്പോൾ, വിശ്വാസത്തെ ഒറ്റിക്കൊടുക്കുമ്പോൾ, വി. ആൻഡ്രൂസ് ബൊബോള നമ്മോടു ചോദിക്കുകയാണ് "ഹാവ് യു ഗോട്ട് ആൻ അക്കൗണ്ട് ഇൻ ഗോഡ്സ് ഫെയ്ത്ത്ബുക്ക്?" വിശ്വാസം ഉപേക്ഷിച്ചിരുന്നുവെങ്കിൽ, 'നോ' എന്ന ഒറ്റവാക്ക് പറഞ്ഞിരുന്നെങ്കിൽ, പോളിഷ് പട്ടണമായ





പിൻസ്കിലെ ജസ്യൂട്ടുകൾക്കുള്ള അഭയകേന്ദ്രത്തിൽ താമസിച്ചിരുന്ന അദ്ദേഹത്തെ റഷ്യൻ കൊഫോക്ക് സൈനികർ വെറുതെ വിടുമായിരുന്നു. പക്ഷേ ശത്രുക്കളുടെ പിടിയിലായ അദ്ദേഹം ജീവിതത്തിലൂടെ ലൈക്ക് അടിച്ചത് കർത്താവേ, നിന്റെ ഹിതം നിറവേറട്ടെ എന്ന ഗത്സമെൻ പ്രാർത്ഥനയായിരുന്നു.

മരിച്ചെങ്കിലും തന്റെ വിശ്വാസത്തിലൂടെ ഇന്നും സംസാരിക്കുന്ന ആബേലിന്റെ (ഹെബ്രാ114-5) ജീവിതം അദ്ദേഹം അന്വർത്ഥമാക്കുകയായിരുന്നു:

"ആബേൽ ആദ്യത്തെ ഇടയൻ
കുഞ്ഞാടൊന്നിൻ ബലിവഴിയായി
ദൈവപ്രീതി സമാർജിച്ചു
അവനൊരു കുഞ്ഞാടിനു സമനായ്
കറപുരളാത്തൊരു മനതാരാൽ
കുഞ്ഞാടിൻ ബലിവഴി നൂനം
തന്നെത്തന്നെയർപ്പിച്ചു.
ബലിയും നല്ലോരിടയനുമാം
നമ്മുടെ രക്ഷകനീശോതൻ
പ്രതിരൂപം നാമാബേലിൽ
സതതം ദർശിച്ചീടുന്നു". (ഉയിർപ്പുകാലം, ചൊവ്വ-ലെലിയാ)

കുഞ്ഞാടിനു സമനായി തന്റെ ജീവിതം സമർപ്പിച്ച ഈശോയുടെ മറ്റൊരു കുഞ്ഞാടായി മാറി വീരോചിതവിശ്വാസം ജീവിച്ച അദ്ദേഹത്തിന്റെ ജീവിതം നെറ്റിൽ നമുക്കു സെർച്ചു ചെയ്യാം. സെർച്ചു ചെയ്യുമ്പോൾ വിട്ടുപോകാതെ നമുക്കു വായിക്കാം.

1630 ൽ ബൊബ്രുയിസ്കിലെ സന്ന്യാസഭവനത്തിൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട കാലഘട്ടത്തിലുണ്ടായ പ്ലേഗുബാധയിൽ ജീവിതം പണയംവച്ച് ശുശ്രൂഷിച്ചവൻ... ഈശോനാമം ചൊല്ലി പ്രാർത്ഥിക്കുവാൻ അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. 1636 ൽ സുപ്പീരിയർ സ്ഥാനം രാജിവച്ച് നീണ്ട 21 വർഷക്കാലം ലിത്വാനയിലെ തെരുവുകളിൽ സുവിശേഷം പ്രസംഗിച്ചത്... ശത്രുക്കളുടെ നിരന്തരമായ ആക്രമണംമൂലം ദുരിതത്തിലായിരുന്ന ജനങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുവാൻ അദ്ദേഹം നല്കിയ പ്രബോധനങ്ങൾ...

ശത്രുക്കളുടെ വിദ്വേഷത്തിനു പാത്രമായ ആൻഡ്രൂസിന് ഉറപ്പായിരുന്നു തന്നെ കാത്തിരിക്കുന്നത് രക്തസാക്ഷിത്വമാണെന്ന്. ക്രൈസ്തവോചിതമായ ശാന്തതയോടെ ക്രൂരമായ പീഡനങ്ങളെ അതിജീവിച്ച, ആത്മാക്കളുടെ വേട്ടക്കാരൻ എന്ന അപരനാമത്തിലറിയപ്പെടുന്ന, ലിത്വാനയിലെ വി. ആൻഡ്രൂസിന്റെ ജീവിതം എന്നിലും നിന്നിലും ആവേശമുണർത്തുന്നില്ലേ. ഈ ജീവിതം നമുക്ക് ലൈക്ക് അടിക്കാം; ഷെയർ ചെയ്യാം. അങ്ങനെ വിശുദ്ധി വൈറലാകട്ടെ.

**വി. ആൻഡ്രൂസ് ബൊബോള**

**ജനനം: പോളണ്ട്, 1591**
**പ്രാഥമികവിദ്യാഭ്യാസം: പാൻഡോനിറിയിലുള്ള ജസ്യൂട്ട് സ്കൂളിൽ**
**സെമിനാരിപ്രവേശനം: 1611**
**നവവൈദികൻ: 1622**
**രക്തസാക്ഷിത്വം : 1657 മെയ് 16**
**വിശുദ്ധപദവി: 1938**
**വിശുദ്ധപ്രഖ്യാപനം: പയസ് 12-ാമൻ മാർപാപ്പാ**

# കുമ്പസാരം: കാരുണ്യത്തിന്റെ ആഘോഷം

കരുണ്യവും കഷ്ടതയും-3



ഡോ. സെബാസ്റ്റ്യൻ
തുണ്ടത്തിക്കുന്നേൽ വി.സി.
നൊവീസ് മാസ്റ്റർ,
പടമുഖം, ഇടുക്കി.

തിരുസഭയുടെ 5 കല്പനകളിൽ ഒന്നാണ് ''ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹാക്കാലത്ത് വി. കുർബാന യോഗ്യതയോടെ ഉൾക്കൊള്ളുകയും വേണം'' എന്നത്. കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളിലും ദൈവാലയങ്ങളിലും അതിനുള്ള സൗകര്യം ഒരുക്കാറുമുണ്ട്. ധാരാളം ആളുകൾ ആ അവസരം നന്നായി ഉപയോഗിക്കുന്നുമുണ്ട്. അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും ഈ കൂദാശാസ്വീകരണം ഒരു കടമ നിർവ്വഹിക്കലായി മാറാതെ ദൈവത്തിന്റെ സ്നേഹവും കാരുണ്യവും അനുഭവിക്കാനുള്ള അവസരമായിത്തീരണം.

''കാരുണ്യവും കഷ്ടതയും'' എന്ന ശ്ലൈഹിക ലേഖനത്തിൽ കുമ്പസാരമെന്ന കൂദാശയെ ''കാരുണ്യത്തിന്റെ ആഘോഷം" എന്നാണ് ഫ്രാൻസിസ് പാപ്പ വിശേഷിപ്പിക്കുന്നത് (നമ്പർ 8). കാരണം, പാപികളായ നമുക്ക് പിതാവിന്റെ ആശ്ലേഷമാണ് ഈ കൂദാശയിലൂടെ ലഭിക്കുക. കൃപ പാപത്തെക്കാൾ ശക്തമായതിനാൽ നാം പാപികളാണെന്ന് അംഗീകരിക്കുമ്പോൾ നമ്മോടുള്ള തന്റെ വലിയ സ്നേഹം ദൈവം നമ്മെ ഗ്രഹിപ്പിക്കുകയാണ് കാരുണ്യത്തിന്റെ ഈ കൂദാശയിലൂടെ.

ഇവിടെ പ്രധാനപ്പെട്ട കാര്യം നാം പാപത്തിൽനിന്ന് പിൻതിരിയണം എന്നതാണ്. ധൂർത്തപുത്രന്റെ ഉപമയിൽ, പിതാവിന്റെ കരുണയ്ക്ക് ആ പുത്രൻ പാത്രീഭൂതനാകുന്നു. ദൂരെവച്ചുതന്നെ പിതാവ് അവനെ കാണുന്നു. കാരണം അവന്റെ മടങ്ങിവരവിനായി പിതാവ് കാത്തിരിക്കുകയായിരുന്നു. എങ്കിലും പന്നികളുടെകൂടെ കഴിഞ്ഞ അവസരത്തിൽപോലും പിതാവ് അവനെ തേടി അവിടെ ചെല്ലുന്നില്ല. അവന് സുബോധമുണ്ടാകുവാൻ, പാപത്തിൽനിന്ന് പിൻതിരിയുവാനുള്ള തീരുമാനമെടുക്കുവാൻ പിതാവ് കാത്തിരുന്നു.


''സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു" (ലൂക്കാ 15,21) എന്ന് ഏറ്റുപറഞ്ഞ പുത്രന്, അവൻ ആലോചിച്ചുറപ്പിച്ച കാര്യങ്ങൾ മുഴുവൻ പറയാൻപോലും പിതാവ് സമയം കൊടുക്കുന്നില്ല. പകരം സ്വപുത്രന് അനുയോജ്യമായ മേൽത്തരം വസ്ത്രം ധരിപ്പിച്ച്, കയ്യിൽ മോതിരവും കാലിൽ ചെരിപ്പും അണിയിച്ച് സ്വന്തം മകനായിത്തന്നെ പിതാവ് അവനെ സ്വീകരിക്കുന്നു. ശാസനയ്ക്കും വിശദീകരണം ചോദിക്കലിനും കുറ്റപ്പെടുത്തലിനും പിതാവ് മുതിരുന്നില്ല. പകരം, ആഘോഷത്തിനു വിരുന്നിനും ആയിരുന്നു പ്രസക്തി.

ഇന്ന് പാപപ്പൊറുതിയുടെ കൂദാശ നാം സ്വീകരിക്കുമ്പോഴും അവിടുന്നിലേക്ക് തിരിച്ചുചെല്ലുവാനുള്ള പാത ദൈവം നമുക്കു കാണിച്ചുതരുന്നു; അവിടുത്തെ സാമീപ്യം പുതുതായി അനുഭവിക്കുവാൻ നമ്മെ ക്ഷണിക്കുകയും ചെയ്യുന്നു. കാരണം, "പശ്ചാത്തപിക്കുന്ന ഒരു ഹൃദയത്തോടുകൂടി ദൈവത്തെ തേടുന്നവരുടെ വഴിയിൽ അവിടുന്ന് മാർഗ്ഗതടസ്സങ്ങൾ ഉണ്ടാക്കുന്നില്ല" (നമ്പർ 9). ഇതുതന്നെയാണ് വി. പൗലോസ് ശ്ലീഹായും പഠിപ്പിക്കുന്നത്. "സ്നേഹം നിരവധി പാപങ്ങളെ മറയ്ക്കുന്നു" (1 പത്രോ 4,8).

നോമ്പുകാലത്തിന്റെ അവസാനത്തിലേക്കും ഉയിർപ്പുതിരുനാളിന്റെ ഒരുക്കത്തിലേക്കും നാം പ്രവേശിക്കുന്ന ഈ അവസരത്തിൽ ദൈവത്തിന്റെ കാരുണ്യം അനുഭവിക്കാനുള്ള അവസരം നഷ്ടമാക്കാതെ അനുരഞ്ജനകൂദാശ സ്വീകരിക്കുവാൻ നമുക്കു പരിശ്രമിക്കാം. വി. പൗലോസ് അപ്പസ്തോലൻ ഉദ്ബോധിപ്പിക്കുന്നതുപോലെ, "ഒരു പുതിയ സൃഷ്ടി'' ആയിത്തീരത്തക്കവിധം ''ദൈവത്തോട് രമ്യതപ്പെടുവാൻ" (2 കൊറി 5,17-20) നമുക്ക് സാധിക്കട്ടെ. അങ്ങനെ കാരുണ്യത്തിന്റെ ആഘോഷത്തിൽ പങ്കുചേർന്ന് കരുണയുടെ പ്രേഷിതരാകുവാനും, കരുണാപൂർവ്വം ശുശ്രൂഷയിൽ നിരന്തരം വ്യാപരിക്കുവാനും നമുക്ക് കഴിയട്ടെ.

മാർച്ച് 21 നു ശേഷമുള്ള വെളുത്തവാവ് കഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് ഉയിർപ്പുതിരുനാൾ ആഘോഷിക്കുന്നത്.

# ഉത്ഥിതനെ സ്നേഹിക്കാം



റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ഈശോയ്ക്കുമാത്രം സ്വന്തമായുള്ള പ്രത്യേകതകളോടെ, ഒരു പുതിയ മനുഷ്യനായിട്ടാണ് ഈശോ ഉത്ഥാനം ചെയ്തത്. ഈശോയിലുള്ള അനുരൂപപ്പെടൽ ഈ ഭൂമിയിൽ, സമയത്തിൽ ഭാഗികവും നിത്യതയിൽ പൂർണവുമാകും. "മരിച്ചവരിൽനിന്ന് ഉത്ഥാനംചെയ്ത മിശിഹാ ഇനി ഒരിക്കലും മരിക്കുകയില്ലെന്നു നമുക്കറിയാം. മരണത്തിന് ഇനി അവന്റെമേൽ അധികാരമില്ല" (റോമാ 6,9).

നിത്യമല്ലാത്ത ഇന്നിൽ ഇനിയും മരണമില്ലാത്ത ഈ പുതിയ മനുഷ്യനോട്, ഉത്ഥിതനായ മിശിഹായോട് എപ്രകാരം നമുക്ക് അനുരൂപപ്പെടുവാൻ സാധിക്കും? ഇതിന് മഗ്ദലേനമറിയത്തിന്റെ മാതൃക നമുക്ക് സഹായകമായേക്കാം. കാരണം അവൾ നമ്മെപ്പോലെതന്നെയുള്ള ഒരു മനുഷ്യവ്യക്തിയാണ്. വി. യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നാം ഇപ്രകാരം കാണുന്നു: അതിരാവിലെ ഇരുട്ടായിരിക്കുമ്പോൾത്തന്നെ മഗ്ദലേന മറിയം ശവകുടീരത്തിന്റെ സമീപത്തേക്കു വന്നു. ശവകുടീരത്തിന്റെ കല്ല് മാറ്റപ്പെട്ടതായി അവൾ കണ്ടു. അവൾ ഉടനെതന്നെ ഓടി ശിമയോൻ പത്രോസിന്റെയും ഈശോ സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യന്റെയും അടുത്തെത്തി, കല്ലറയിൽനിന്നും കർത്താവിനെ അവർ മാറ്റിയിരിക്കുന്നു എന്നു പറഞ്ഞു. പത്രോസും മറ്റേ ശിഷ്യനുംകൂടി ഓടി കല്ലറയിൽ എത്തി സംഭവിച്ചതെല്ലാം കണ്ട് അവർ മടങ്ങിപ്പോയി. എന്നാൽ മറിയം കരഞ്ഞുകൊണ്ട് കല്ലറവാതിൽക്കൽതന്നെ നിന്നു (20,1-11).

ഈശോയെ സ്വന്തം ജീവനെക്കാളുപരി സ്നേഹിച്ച സ്ത്രീയാണവൾ. ഈശോയുടെ നന്മയും മാധുര്യവും ഉദാരതയും അവിടുത്തെ അത്ഭുതങ്ങളുമെല്ലാം പൂർണമായി മനസ്സിലാക്കിയവൾ. അവളിൽനിന്നാണ് കർത്താവ് ഏഴു പിശാചുക്കളെ പുറത്താക്കിയതെന്ന് തിരുവചനം പറയുന്നു. ഇത് അർത്ഥമാക്കുന്നത് ഈശോയുമായുള്ള കണ്ടുമുട്ടലിലൂടെ അവളുടെ ജീവിതത്തിൽ ആകമാനമൊരു മാറ്റം സംഭവിച്ചു എന്നതാണ്. ഈശോയുടെ നേർക്ക് അവളിൽ ആളിക്കത്തുന്നത് കൃതജ്ഞതാനിർഭരമായ ഒരു സ്നേഹവികാരമാണ്. അവൾ പൂർണമായും തന്റെ ഗുരുവിനായി സമർപ്പിച്ചവളാണ്, സ്വയം കൊടുത്തവളാണ്. അവളുടെ ജീവിതത്തിൽ ഈശോയ്ക്കല്ലാതെ മറ്റൊന്നിനും സ്ഥാനമില്ല.

മഗ്ദലേനമറിയത്തിന്റെ സ്നേഹത്തിന്റെ സവിശേഷതകൾ കണ്ടെത്തി അതിലൂടെ ഈശോയിലുള്ള നമ്മുടെ അനുരൂപപ്പെടൽ പ്രായോഗികമാക്കാൻ നമുക്കു ശ്രമിക്കാം.

ഗുരുവിന്റെ നേർക്കുള്ള മറിയത്തിന്റെ സ്നേഹം പ്രതിഫലം നോക്കാതെയുള്ള ഒരു നല്കലാണ്. ദാനമായി കിട്ടിയ സ്നേഹം അവൾ ദാനമായി കൊടുക്കുന്നു. ശ്ലീഹന്മാർക്ക് ഈശോയോട് വലിയ സ്നേഹമായിരുന്നെങ്കിലും അവരുടെ സ്നേഹത്തിൽ സ്വാർത്ഥതയുടെ അംശമുണ്ടായിരുന്നു. തങ്ങളിൽ ആരാണ് വലിയവൻ എന്ന തർക്കമൊക്കെ അതിന്റെ തെളിവാണ്. ശ്ലീഹന്മാരിൽ യോഹന്നാൻ ഈശോയുടെ പ്രത്യേക സ്നേഹഭാജനം; പത്രോസാകട്ടെ, അവരുടെയെല്ലാം തലവനായി കരുതിയിരുന്നവൻ. യാക്കോബ്, തന്റെ ജീവിതത്തിന്റെ ചില പ്രത്യേക അവസരങ്ങളിൽ പത്രോസിനോടും യോഹന്നാനോടുമൊപ്പം ഈശോ കൊണ്ടുപോയവൻ. പക്ഷേ ഇവരൊക്കെയുൾപ്പെടുന്ന ശിഷ്യസമൂഹം, ഈശോയുടെ 'പരാജയ'ത്തിന്റെ നിമിഷങ്ങളിൽ, അവിടുന്ന് പിടിക്കപ്പെട്ട സമയത്ത്, സ്വയരക്ഷയെ പ്രതി ഈശോയെ വിട്ടോടിപ്പോയി. യോഹന്നാൻ പിന്നീടു തിരിച്ചുവന്ന് ഈശോയുടെ പിന്നാലെ പോയി എന്നതു ശരിയാണ്. യോഹന്നാന് പ്രധാനാചാര്യനുമായി പരിചയമുണ്ടായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. എന്നാൽ മറിയത്തിന് ഈവക ആനുകൂല്യങ്ങളൊന്നും ഇല്ലാതിരുന്നിട്ടുപോലും അവൾ ഈശോയെ ഉപേക്ഷിച്ചുപോയില്ല. ഈശോയുടെ മരണശേഷം എമ്മാവൂസിലേക്കുപോയ ശിഷ്യന്മാരുടെ, 'ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു... എന്നാൽ എല്ലാം നഷ്ടപ്പെട്ടു' എന്ന മാനസികാവസ്ഥയും അവളെ പിടികൂടിയില്ല. കാരണം യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാത്ത സ്നേഹമായിരുന്നു അവളുടേത്. അവൾ അവളുടെ സാക്ഷാത്കാരത്തെയോ ഭാവിയെക്കുറിച്ചോ ഒന്നും ചിന്തിക്കുന്നില്ല. അവൾ സ്നേഹിക്കുക മാത്രം ചെയ്യുന്നു. അവളുടെ സ്നേഹം നൈസർഗികമായിരുന്നാൽപോലും സ്നേഹത്തിന്റെ വിഷയം കർത്താവായതിനാൽ അതിന് മൂല്യമുണ്ട്. നമുക്കും ഇതുപോലെ സൗജന്യമായ ഒരു സ്നേഹം നമ്മുടെ കർത്താവിനോട് ഉണ്ടായിരുന്നെങ്കിൽ നമ്മുടെ ജീവിതംതന്നെ എത്രയോ വ്യത്യസ്തമായിരുന്നേനെ!

മറിയത്തിന്റെ സ്നേഹം ധീരതയാർന്ന സ്നേഹമാണ്. തിരുവചനത്തിൽ നാം വായിക്കുന്നത് ഇരുട്ടായിരിക്കുമ്പോൾത്തന്നെ അവൾ കല്ലറയിങ്കൽവന്നു എന്നാണ്. രാത്രിയിൽത്തന്നെ അവൾ യാത്ര പുറപ്പെട്ടുകാണും. വന്നപ്പോൾ കല്ലറയുടെ വാതിൽക്കൽ വച്ചിരുന്ന കല്ല് മാറ്റപ്പെട്ടതായി കണ്ട അവൾ ഓടിപ്പോയി ശിഷ്യന്മാരോടു കാര്യം പറയുന്നു. വീണ്ടും ഒരു ഭയവും കൂടാതെ തിരിച്ചു കല്ലറയിങ്കൽ വരുന്നു. അപ്പോൾ അവിടെ ഒരു മനുഷ്യനെ കാണുകയും അത് തോട്ടക്കാരനാണെന്നു വിചാരിച്ച്, യാതൊരു സങ്കോചവും കൂടാതെ, "പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടു പോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടു പൊയ്ക്കൊള്ളാം" എന്നാണ് അവൾ പറയുന്നത്. ഒരു സ്ത്രീക്ക് ഒരു മൃതശരീരം താനെ എടുത്തുകൊണ്ടു പോകുവാൻ എങ്ങനെ സാധിക്കും? അതെ, അവളുടെ സ്നേഹത്തിന് കണക്കുകൂട്ടലുകളില്ല.

ഈശോ അവളെ 'മറിയം' എന്നു വിളിക്കുമ്പോൾത്തന്നെ അവൾ തന്റെ ദിവ്യഗുരുവിന്റെ സ്വരം തിരിച്ചറിയുന്നു. 'റബ്ബോനി' എന്നു വിളിച്ചുകൊണ്ട് അവൾ ഗുരുവിന്റെ കാല്ക്കൽ വീഴുകയാണ്. 'എന്നെ തടഞ്ഞുനിർത്താതിരിക്കൂ. എന്തെന്നാൽ ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല' എന്നു പറയിപ്പിക്കുവാൻ തക്കവിധം അവൾ ഈശോയുടെ പാദാന്തികത്തിലായിരുന്നു. ഈശോ പിതാവിന്റെ പക്കലേക്ക് കയറിക്കഴിയുമ്പോൾ മഗ്ദലേനയെപ്പോലെ നമുക്കും ഈശോയുടെ പാദാന്തികത്തിലിരിക്കാൻ കഴിയുമെന്ന സൂചനയല്ലേ ഇതു നല്കുന്നത്? ഇരുപത്തിനാലു മണിക്കൂറും നമ്മോടൊത്തായിരിക്കുന്ന ദൈവികസാന്നിദ്ധ്യത്തെ തിരിച്ചറിഞ്ഞ് അവിടുത്തോടൊപ്പമായിരിക്കുവാൻ ബോധപൂർവം ശ്രമിച്ചിരുന്നെങ്കിൽ നമ്മുടെ ജീവിതം ഭാഗ്യപൂർണമാകുമായിരുന്നു.

മറിയത്തിന്റെ സ്നേഹത്തിന്റെ മറ്റൊരു പ്രത്യേകത അത് പ്രേഷിതാത്മകമാണ്, മിഷനറിചൈതന്യം നിറഞ്ഞതാണ് എന്നതാണ്. ഉത്ഥാനവാർത്ത ശ്ലീഹന്മാരെ അറിയിക്കുവാനുള്ള ദൗത്യം ഈശോ മറിയത്തെ ഭരമേല്പിച്ചു. അവൾ ഈശോയുടെ സഹോദരന്മാരുടെ അടുത്തേക്ക് ഓടുകയാണ്. താൻ പറയുന്നത് അവർ വിശ്വസിച്ചാലും ഇല്ലെങ്കിലും അവൾക്ക് ആനന്ദമാണ്. തനിക്കു നിർവഹിക്കുവാനും ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ഒരു ദൗത്യമുണ്ടെന്ന് അവൾ മനസ്സിലാക്കി. കർത്താവിനെ കണ്ട കാര്യം അവൾ ഉറക്കെ ഉദ്ഘോഷിച്ചു.

ഉത്ഥിതനിൽ അനുരൂപപ്പെടുവാനുള്ള നമ്മുടെ യാത്രയിൽ മഗ്ദലേന മറിയത്തിന്റെ സ്നേഹത്തിന്റെ സവിശേഷതകൾ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുവാൻ ശ്രമിച്ചുകൊണ്ട് ഉത്ഥാനത്തിരുനാൾ നമുക്ക് മനോഹരമാക്കാം; യാഥാർത്ഥ്യമാക്കാം. മറ്റാരേക്കാൾ അധികമായി ഈശോയെ സ്നേഹിച്ച പരിശുദ്ധ അമ്മയോട് ഇതുപോലെയുള്ള സ്നേഹത്തിൽ നമ്മെയും വളർത്തണമേയെന്ന് അപേക്ഷിക്കാം.


**സീറോ മലബാർ സഭയിൽ ഉയിർപ്പിനുശേഷം വരുന്ന വെള്ളിയാഴ്ച സകല വിശുദ്ധരുടെയും തിരുനാളായി ആഘോഷിക്കുന്നു.**





# നിങ്ങൾ രണ്ടല്ല ഒന്നാണ്

**ഫാ. ഷിബു പുളിക്കൽ**
നെറൂൾ , കല്യാൺ രൂപത



ഒരു ട്രെയിൻ യാത്രയിൽ എനിക്കുണ്ടായ ഒരു അനുഭവം ഞാനിവിടെ പകർത്തട്ടെ. ട്രെയിനിൽ കയറിയപ്പോൾ ഒരു ഭർത്താവിനും ഭാര്യയ്ക്കും രണ്ട് സ്ഥലത്തായിട്ടായിരുന്നു സീറ്റുകൾ കിട്ടിയത്. ഞാനും ആ ഭർത്താവും അടുത്ത സീറ്റുകളിലായിരുന്നു. ഞാൻ ആ ചേട്ടനോട് പറഞ്ഞു: "വേണമെങ്കിൽ ചേച്ചിയെ ഇങ്ങോട്ട് വിളിച്ചോളൂ. ഞാൻ അവരുടെ സീറ്റിൽ പോയി ഇരുന്നുകൊള്ളാം''. ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും ഒരുമിച്ചിരുന്നോട്ടെ എന്നു ഞാൻ കരുതി. കാരണം നാല് മണിക്കൂർ അവർക്ക് യാത്ര ചെയ്യേണ്ടിയിരുന്നുവല്ലോ. ചേട്ടന്റെ പ്രതികരണം വളരെ പെട്ടന്നായിരുന്നു. ദയനീയമായി എന്നെ നോക്കിക്കൊണ്ട് ചേട്ടൻ പറഞ്ഞു. 'എന്റച്ചോ' ഒരു നാല് മണിക്കൂർ നേരമെങ്കിലും ഞാൻ സ്വസ്ഥമായി ഒന്നിരുന്നോട്ടെ!

നിങ്ങൾ രണ്ടല്ല, ഒന്നാണ് എന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും രണ്ടുപേരും രണ്ടായി ഇരിക്കുകയാണ്. മുഖസൗന്ദര്യം മങ്ങി തൊലിക്കു മീതെ ചുളിവുകൾ വീണപ്പോൾ പഴയ സ്നേഹമൊക്കെ എവിടെയോ പോയ് മറഞ്ഞു. ഇതിയാനു പണ്ടത്തെപ്പോലെ എന്നോട് സ്നേഹമില്ലെന്നു ഭാര്യയും, ഇവൾക്ക് ഇപ്പോൾ എന്നെ വേണ്ടെന്ന് ഭർത്താവും പരിഭവിച്ച് ശേഷിച്ച ജീവിതം ശോഷിപ്പിക്കുന്നു. പ്രഭാഷകൻ പറയുന്നു:

''ഉത്തമയായ ഭാര്യയുള്ളവൻ ഭാഗ്യവാൻ. വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കുന്നു". പത്രോസ് ശ്ലീഹാ ഭാര്യമാരെ ഓർമ്മിപ്പിക്കുന്നു: "ബാഹ്യമോടികളായ പിന്നിയ മുടിയോ, സ്വർണ്ണാഭരണമോ വിശേഷവസ്ത്രങ്ങളോ അല്ല നിങ്ങളുടെ അലങ്കാരം പിന്നെയോ, ദൈവസന്നിധിയിൽ വിശിഷ്ടമായ, സൗമ്യവും ശാന്തവുമായ ആത്മാവാകുന്ന അനശ്വരരത്നം അണിഞ്ഞ ആന്തരിക വ്യക്തിത്വമാണ്" (പത്രോ 3:1-7).

സ്നേഹത്തിന്റെ കുറവ് കുടുംബങ്ങളിൽ അനുഭവപ്പെടുമ്പോൾ അവിടെ സമാധാനം ഇല്ലാതാകുന്നു. പഴിചാരാനും പരസ്പരം കടിച്ചുകീറാനും തയ്യാറായി നിൽക്കുന്ന ഭാര്യാഭർത്താക്കന്മാർക്ക് പിന്നീട് ഉറക്കം നഷ്ടപ്പെടുന്നു. ഉറക്കഗുളിക കഴിക്കാതെ ഉറക്കം വരില്ല എന്ന അവസ്ഥയിൽ അവർ എത്തിച്ചേരുന്നു. ഇങ്ങനെയുള്ള ഭാര്യാഭർത്താക്കന്മാർ ഇന്ന് വിരളമല്ല. ഭാര്യക്ക് ഭർത്താവിനെ സംശയം, ഭർത്താവിന് ഭാര്യയേയും.

പ്രിയ ഭാര്യാഭർത്താക്കന്മാരേ, നിങ്ങൾ ഒന്നായത് അൾത്താരയുടെ മുന്നിൽവച്ചാണ്. അൾത്താരയായിരിക്കട്ടെ നിങ്ങളുടെ അത്താണി. അതായിരിക്കട്ടെ നിങ്ങളുടെ ആശ്രയം. ഓർക്കുക, നിങ്ങൾ രണ്ടല്ല ഒന്നാണ്.

ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

**ഉയിർപ്പുകാലത്തെ ആറാമത്തെ വ്യാഴാഴ്ചയാണ് സ്വർഗാരോഹണത്തിരുനാൾ ആഘോഷിക്കുന്നത്.**



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 0481-2578192**





# സെനക്കിൾ തരംഗം

**മി**ശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

ഉയിർപ്പുകാലത്തേക്കു പ്രവേശിക്കുന്ന ഈ സന്ദർഭത്തിൽ എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ! മിശിഹായുടെ ഉത്ഥാനമാണല്ലോ നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം. ഉത്ഥിതനായ മിശിഹായാണ് ഇന്ന് യഥാർത്ഥത്തിൽ ജീവിക്കുന്ന മിശിഹാ. ഉത്ഥിതനായ മിശിഹായോടുള്ള ബന്ധവും മിശിഹായിലുള്ള ജീവിതവുമാണ് നമ്മുടെ ജീവിതത്തെ യഥാർത്ഥ ക്രൈസ്തവജീവിതവും പൗരോഹിത്യജീവിതവുമാക്കുന്നത്. പക്ഷേ, പലപ്പോഴും നമ്മുടെ ബന്ധവും ജീവിതവും, രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന മിശിഹായോടുള്ള ബന്ധത്തിൽ തങ്ങിനില്ക്കുന്നതായി പരിണമിക്കുന്നില്ലേ എന്നു ചിന്തിക്കുന്നതു നല്ലതാണ്. ഓർമ്മയിലൂടെയും ഭാവനയിലൂടെയും ഭക്തകൃത്യങ്ങളിലൂടെയുമൊക്കെ മിശിഹായെ ജീവിപ്പിച്ച് ബന്ധപ്പെടുവാനുള്ള പ്രവണത പലപ്പോഴും ക്രൈസ്തവജീവിതത്തിലും പൗരോഹിത്യജീവിതത്തിലും കാണാറുണ്ട്. തന്റെ ഗുരു പഴയതുപോലെ തിരിച്ചുവന്നു എന്ന് തെറ്റിദ്ധരിച്ച മഗ്ദലേനയോട് "എന്റെ സഹോദരന്മാരുടെ അടുത്തേക്കു പോകുക" എന്നു ഈശോ പറഞ്ഞത് ശ്രദ്ധിക്കേണ്ടതായിട്ടുണ്ട് (യോഹ 20,17). ഇന്ന് ഈശോ ജീവിക്കുന്നത് സഭയിലും സഭയുടെ ആരാധനക്രമവേദിയിലും അവിടുന്നിൽ ജീവിക്കുന്ന മനുഷ്യരിലുമാണെന്ന യാഥാർത്ഥ്യം ജീവിതാനുഭവമാക്കി നവീകരിച്ചുകൊണ്ട് ഈ ഉയിർപ്പുകാലം അർത്ഥവത്താക്കുവാൻ നമുക്കു പരിശ്രമിക്കാം.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

### വാർത്തകൾ

**സെ**നക്കിൾ വൈദികരുടെ ഫെബ്രുവരിമാസത്തെ സമ്മേളനം ഭരണങ്ങാനത്ത് വി. അൽഫോൻസാമ്മയുടെ തീർത്ഥാടനകേന്ദ്രത്തിൽവച്ച് 14,15 തീയതികളിൽ നടത്തുകയുണ്ടായി. ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിൽനിന്നുള്ള പതിനഞ്ചോളം വൈദികർ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. പുരോഹിതന്റെ ശ്ലൈഹികദൗത്യത്തെ പ്രസ്പഷ്ടമാക്കുന്ന വി. മർക്കോസിന്റെ സുവിശേഷം 3,13 മുതൽ 4,41 വരെയുള്ള ഭാഗമാണ് ധ്യാനവിഷയമായി സ്വീകരിച്ചത്. മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ ധ്യാനചിന്തകൾ അവതരിപ്പിച്ചു. വി. അൽഫോൻസാമ്മയുടെ കബറിടപള്ളിയിലുള്ള ബലിയർപ്പണവും യാമപ്രാർത്ഥനകളും സമ്മേളനത്തിൽ പങ്കുചേർന്ന അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടംഗങ്ങളായ വൈദികർക്ക് ധന്യമായ നിമിഷങ്ങളായിരുന്നു. തീർത്ഥാടനകേന്ദ്രത്തിലെ റെക്ടറും സഹവൈദികരും ഹൃദ്യമായ സ്വീകരണം നല്കുകയും സൗഹൃദം പങ്കുവയ്ക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# സാധ്യതകൾക്കപ്പുറം



**റ്റെസ്സി കറുകപ്പറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"അങ്ങയുടെ വിശുദ്ധ മന്ദിരത്തിലേക്ക് ഇനി എങ്ങനെ ഞാൻ നോക്കും? സമുദ്രം എന്നെ വലയം ചെയ്തിരിക്കുന്നു; ആഴി എന്നെ ചുറ്റിയിരിക്കുന്നു. പായൽ എന്റെ തല വരിഞ്ഞുമുറുക്കിയിരിക്കുന്നു. പർവതങ്ങൾ വേരുപാകിയിരിക്കുന്ന സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് ഞാൻ ഇറങ്ങിച്ചെന്നു. അതിന്റെ ഓടാമ്പലുകൾ എന്നെ എന്നന്നേക്കുമായി അടച്ചുപൂട്ടി" (യോനാ 2,4-6).

നിസ്സഹായതയുടെ നിമിഷങ്ങളിൽ യോനായിൽനിന്ന് ഉയർന്നുവന്ന പ്രാർത്ഥനയാണിത്. സഹനങ്ങളുടെയും വേദനകളുടെയും രോഗങ്ങളുടെയും നടുക്കടലിൽപ്പെട്ട ഓരോ മനുഷ്യനും ഇന്ന് യോനായെപ്പോലെ നിലവിളിക്കുകയാണ്. മനുഷ്യജീവിതത്തിന്റെ ഏതു രംഗത്തേക്കു കടന്നാലും ഒരു പ്രശ്നം കഴിയുന്നതേ മറ്റു നൂറുനൂറു പ്രശ്നങ്ങൾ അവനെ പിടികൂടുന്നതു നാം കാണുന്നു. എന്നാൽ വേദനയുടെ അടിത്തട്ടിൽനിന്നും പ്രതീക്ഷയുടെ ഒരു നിലവിളി യോനായിൽനിന്നും ഉയരുന്നു. മാനുഷികമായ നിരാശയുടെ നിമിഷത്തിൽപോലും എപ്പോഴും തന്റെ കാര്യങ്ങളിൽ ശ്രദ്ധാലുവായ ഒരു പിതാവുണ്ടെന്ന ഉറച്ചബോദ്ധ്യം യോനായ്ക്കുണ്ടാകുന്നു. ഇതുപോലെയൊരു പ്രതീക്ഷ വച്ചുപുലർത്താത്തവരാണ് തങ്ങളുടെ സഹനങ്ങളിലും ദുഃഖദുരിതങ്ങളിലും, ദൈവത്തിനു കഴിവില്ല; ദൈവത്തിനു തങ്ങളെ രക്ഷിക്കുവാൻ സാധിക്കുകയില്ല എന്ന തോന്നലിൽ നിരാശരായിത്തീരുന്നത്.

യോനാ മത്സ്യത്തിനുള്ളിൽ കിടന്ന് തന്റെ ദയനീയസ്ഥിതിയെക്കുറിച്ച് അവബോധമുൾക്കൊള്ളുന്നു. "കർത്താവ് മത്സ്യത്തോടു കല്പിച്ചു. അതു യോനായെ കരയിലേക്കു ഛർദ്ദിച്ചിട്ടു". ദൈവത്തിന്റെ കല്പന മറന്ന് തന്നിഷ്ടംപോലെ പോയ യോനായെ ദൈവം തിരിച്ചുവിളിച്ച് തന്റെ ഇഷ്ടം നിറവേറ്റാനായി നിയോഗിക്കുന്നു.



യോനായുടെ സ്ഥാനത്ത് ക്രൂശിതനെ വച്ചാൽ... ഈശോ തന്റെ സഹനങ്ങളെല്ലാം ക്ഷമയോടെ സ്വീകരിക്കുന്നു. കാൽവരിയുടെ കൊടുംനിശബ്ദതയിലൂടെയും ശൂന്യതയിലൂടെയും കടന്നുപോയെങ്കിലും മൂന്നാം നാൾ ഈശോ ഉത്ഥാനം ചെയ്തു. ഉയിർത്തെഴുന്നേറ്റവൻ എത്രയോ നീറുന്ന ഹൃദയങ്ങൾക്ക് ആശ്വാസമേകി! ഇന്നും ആശ്വാസമേകുന്നു... ഇനിയും ആശ്വാസമേകും.

ജീവിതത്തിൽ എന്നും പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. നാമെല്ലാവരും വേഗത്തിൽ ഓടുകയാണ്. എങ്ങോട്ടാണെന്ന് പലർക്കും അറിഞ്ഞുകൂടാ. വീടുകൾ അന്തിയുറങ്ങാനുള്ള ഹോസ്റ്റലുകളായി മാറിയിരിക്കുന്നു. സംസാരവും പങ്കുവയ്ക്കലുകളും സ്വന്തം മൊബൈൽ ഫോണുകളോടായി. കൂടുതൽ സൗകര്യങ്ങളും കുറച്ചു സമയവും ജീവിതത്തിൽ വർഷങ്ങൾ കൂട്ടിച്ചേർത്തു. എന്നാൽ വർഷങ്ങൾക്കു ജീവൻ നല്കിയില്ല!

ഓർക്കുക, യോനായുടെ പ്രസംഗം നിനവേ നഗരത്തിന് ഉയിർപ്പു നല്കിയെങ്കിൽ, സഹനങ്ങളുടെയും പ്രശ്നങ്ങളുടെയും വ്യത്യസ്തമായ അനുഭവങ്ങളിലൂടെ എന്റെ ജീവിതത്തിലേക്കു കടന്നുവരുന്ന ക്രൂശിതൻ എനിക്കും ഉയിർപ്പിന്റെ അനുഭവം തരും. ഈ പ്രത്യാശ കൈവെടിയാതിരിക്കാം.


**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER PRATHEEKSHAYUDE POOMOTTUKAL**

**Form - IV**

| | |
|---|---|
| 1. Place of Publication | : Manganam, Spirituality Centre; Manganam P.O., Kottayam |
| 2. Periodicity of Publication | : Monthly |
| 3. Printer's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 4. Publisher's Name | : Annamma Kulathupurayidom |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |
| 5. Editor's Name | : Fr. Mathew Vellanickal |
| Nationality | : Indian |
| Address | : Spirituality Centre, Manganam P.O., Kottayam-686 018 |

# ഉപേക്ഷിക്കില്ലൊരിക്കലും



ഷിനി തെരേസ് മുതുപ്ലാക്കൽ

**ഈ**ശോയുടെ മരണത്തിനുശേഷമുള്ള ആദ്യദിവസങ്ങൾ ശ്ലീഹന്മാർക്ക് അനിശ്ചിതത്വത്തിന്റെയും ഭയത്തിന്റെയും ഭാവിയെക്കുറിച്ചുള്ള ആകുലതകളുടെയും നിമിഷങ്ങളാണ് സമ്മാനിച്ചത്. യഹൂദരെ ഭയന്ന് പുറത്തിറങ്ങാതെ അവർ കഴിച്ചുകൂട്ടി. മൂന്നു വർഷക്കാലംകൊണ്ട് കെട്ടിയുയർത്തിയ സ്വപ്ന സൗധങ്ങളൊക്കെ തകർന്നടിഞ്ഞു. ഈശോ രാജാവായി വാഴുമ്പോൾ അവന്റെ രാജ്യത്തിൽ പ്രധാന സ്ഥാനങ്ങളിലായിരിക്കാമെന്ന ആഗ്രഹവും വൃഥാവിലായി. പക്ഷേ, ഭാവി എന്ത്...?

തന്നെ അനുഗമിക്കുന്നതിനുമുമ്പു ചെയ്തിരുന്ന ജോലിയിലേക്കും ആയിരുന്ന അവസ്ഥയിലേക്കും തിരിച്ചുപോകുന്ന ശിഷ്യഗണത്തിനു പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരെ വീണ്ടും തന്നിലേക്ക് ചേർത്തു നിർത്തുന്ന ഉത്ഥിതന്റെ മനോഹരമായ ചിത്രം യോഹന്നാൻ സുവിശേഷകൻ വരച്ചുചേർക്കുന്നുണ്ട് (21,1-14). ഈശോയെ ഇനി പ്രതീക്ഷിച്ചിട്ടു കാര്യമില്ല എന്ന ചിന്തയോടെ ശിമയോൻ പത്രോസ് മീൻപിടുത്തത്തിലേക്കു തിരിച്ചുപോകുവാൻ തീരുമാനിച്ചു. പ്രതീക്ഷകളൊക്കെ അസ്തമിച്ച ഒരു മടക്കയാത്ര! പത്രോസിന്റെ തീരുമാനത്തെ അനുകൂലിച്ച് അവനോടൊപ്പമിറങ്ങാൻ അപ്പോൾ കൂടെയുണ്ടായിരുന്നവരും തീരുമാനിച്ചു. അവർ ഏഴുപേരുണ്ടായിരുന്നു. ഏഴ് പൂർണതയുടെ സംഖ്യയാണല്ലോ. അതുകൊണ്ടുതന്നെ ശിഷ്യഗണത്തിന്റെ മുഴുവൻ മാനസികാവസ്ഥയായിരിക്കണം അവരിൽ പ്രതിഫലിച്ചത്.

ഇന്നും ഇത് ആവർത്തിക്കുന്നില്ലേ... ആഗ്രഹങ്ങളും പ്രതീക്ഷകളുമൊക്കെ യാഥാർത്ഥ്യമാകാതെ വരുമ്പോൾ ദൈവം എവിടെ എന്നു ചോദിക്കുന്നവരും, കൂടെയുള്ള ദൈവത്തെ മറന്ന് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ അനുവർത്തിക്കുന്നവരും ഇന്നുമുണ്ട്. യഥാർത്ഥ ലക്ഷ്യബോധത്തിന്റെ കുറവ് മറ്റുപല താല്ക്കാലിക ലക്ഷ്യങ്ങളിലേക്കു നയിക്കും. എന്നാൽ ദൈവത്തെ കൂടാതെയുള്ള, ദൈവഹിതം തേടാതെയുള്ള, യാത്ര നിരാശയിലേക്കു നയിക്കും. "രാത്രി"യദ്ധ്വാനത്തിലെ ഫലശൂന്യത അതു വ്യക്തമാക്കുന്നു (21,3). ദൈവം കൂടെയില്ലാത്ത അവസ്ഥ ആത്മാവിന്റെ ഫലരഹിതമായ രാത്രിയാണല്ലോ.

പറഞ്ഞ്, പ്രവചിച്ച്, പ്രവർത്തിച്ച് പഠിപ്പിച്ചിട്ടും ശ്ലീഹന്മാർക്കു വീഴ്ചയുണ്ടായല്ലോ എന്നു പരിതപിക്കുവാൻ വരട്ടെ. ജനനംമുതലിന്നോളം ദൈവാനുഭവത്തിന്റെ, അത്ഭുതങ്ങളുടെ, എത്രയോ ഘോഷയാത്രകളുണ്ടായിട്ടുണ്ട് ജീവിതത്തിൽ! എന്നിട്ടെന്തേ ഏതാനും കയ്പേറിയ നിമിഷങ്ങൾ ജീവിതത്തിലുണ്ടാകുമ്പോൾ വർഷങ്ങളുടെ ഈ ദൈവാനുഭവം മനസ്സിൽനിന്നു മായുന്നു...? അനുദിനം ജീവിതത്തിലുണ്ടാകുന്ന ദൈവാനുഭവങ്ങൾ തിരിച്ചറിയാനും തിരുമുമ്പിൽ നന്ദിയോടെ വ്യാപരിക്കുവാനും സാധിക്കണം. ഗതകാലസ്മരണകൾ ഭാവിജീവിതത്തിൽ പ്രത്യാശ നിറയ്ക്കട്ടെ.

"ഉഷസ്സായപ്പോൾ ഈശോ കടൽക്കരയിൽ വന്നുനിന്നു. എന്നാൽ അത് ഈശോയാണെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല" (21,4). ജീവിതമാകുന്ന കടലിലെ കാറ്റിലും കോളിലുമകപ്പെട്ടാലും പുതിയ പ്രഭാതത്തിന്റെ പ്രകാശവുമായി കടൽക്കരയിൽ ഈശോ കാത്തുനില്ക്കും. എന്നാൽ അവനെ തിരിച്ചറിയാനുള്ള വിശ്വാസവെളിച്ചം ഉണ്ടായിരിക്കണം. ദൈവപ്രകാശത്തിലേക്കു കടന്നുവരാൻ മടിതോന്നത്തക്കവിധം പാപാന്ധകാരത്തിലാണ്ടുപോയാലും, ക്ഷമയും കരുണയും വാത്സല്യംനിറഞ്ഞ സ്നേഹവും തുളുമ്പുന്ന "കുഞ്ഞേ" (21,5) എന്ന വിളി തിരിച്ചുനടക്കാൻ പ്രേരകമാകണം. ആത്മാവിന്റെ കർണപുടങ്ങളിൽ മുഴങ്ങുന്ന ഈ വിളി കേൾക്കാതിരുന്നാൽ ദൈവം നിലവിളിക്കും! ക്രൂശിലെ നിലവിളി വീണ്ടുമുയരും, നഷ്ടപ്പെടുന്ന മനുഷ്യാത്മാവിനെയോർത്ത്...

ജീവിതയാത്രയിൽ എന്തൊക്കെയോ നേടി എന്നയഹങ്കാരം ഉള്ളിലുദിച്ചാലും ദൈവതിരുമുമ്പിലെത്തുമ്പോഴാണ് കരങ്ങൾ ശൂന്യമാണ്, നേടിയതൊന്നും അനശ്വരമല്ല, എന്ന തിരിച്ചറിവ് ഉണ്ടാകുന്നത്. 'നിന്റെ അടുക്കൽ എന്തെങ്കിലുമുണ്ടോ?' എന്ന ചോദ്യത്തിന് ആത്മാർത്ഥമായുള്ള ഉത്തരം "ഇല്ല" (21,5) എന്നുള്ളതാണെങ്കിലും നിരാശവേണ്ട. അവൻ പറയുമ്പോൾ, അവൻ പറയുന്നിടത്ത് വലയിട്ടാൽ സമൃദ്ധിയുടെ ചാകര ദർശിക്കാനാകും (21,6).

കർത്താവിന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ പത്രോസ് താൻ നഗ്നനായിരുന്നതിനാൽ പുറങ്കുപ്പായം എടുത്തു ധരിച്ച് കടലിലേക്കു ചാടി (21,7). ദൈവത്തിന്റെ പരിശുദ്ധിയുടെ മുമ്പിലാണ് ആത്മാവിന്റെ നഗ്നത വെളിപ്പെടുന്നത്. വിശുദ്ധിയുടെ ആടയാഭരണങ്ങളെന്നു കരുതിയതൊക്കെ വിശുദ്ധീകരണത്തിന്റെ ചൂളയിൽ ഉരുകാതിരിക്കണമെങ്കിൽ യഥാർത്ഥ വിശുദ്ധി കണ്ടെത്തിയേ തീരൂ. അത് ശിരസ്സായ മിശിഹായിൽ സഭയോടും സഭാംഗങ്ങളോടുമൊത്തുള്ള ജീവിതമാണെന്നത് മറക്കാതിരിക്കാം.

ദൈവപരിപാലനയുടെ പുറങ്കുപ്പായമണിഞ്ഞ് ലോകമാകുന്ന കടലിലേക്ക് എടുത്തുചാടാനുള്ള ധൈര്യമുണ്ടാകണം. തീരത്ത് അവനുണ്ടല്ലോ... തന്നെ ഉപേക്ഷിച്ചവർക്ക് കടൽക്കരയിൽ പ്രാതലൊരുക്കി കരുതലിന്റെ സ്നേഹവുമായി കാത്തിരിക്കുന്നവൻ! (21,9). ഉപേക്ഷിച്ചവരെ ഉപേക്ഷിക്കാത്തവൻ അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കുമോ...? ബലിയർപ്പിച്ച ശരീരരക്തങ്ങളാൽ ദിവസവും വിരുന്നൂട്ടുന്നവൻ, മനുഷ്യമക്കളുടെ ശരീരരക്തങ്ങളും തന്റെ ബലിയോടൊപ്പം ചേർക്കാൻ ആഗ്രഹിക്കുന്നുണ്ട് (21,9). ദൈവഹിതാനുസൃതമുള്ള ജീവിതം തീർച്ചയായും ബലിവസ്തുവായി മാറും.

"ശിഷ്യന്മാരിലാരും അവനോട് നീ ആരാണ് എന്നു ചോദിക്കാൻ മുതിർന്നില്ല. അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു" (21,12). ഉത്ഥിതന്റെ സ്നേഹം പങ്കുവയ്ക്കുന്ന ചിന്തകളും ചെയ്തികളും ഒപ്പമുണ്ടെങ്കിൽ നിന്നോടും ആരും ചോദിക്കില്ല, നീ ആരാണെന്ന്. കാരണം, മുറിയപ്പെടുന്ന സ്നേഹത്തിന്റെ വടുക്കൾ നിന്നിൽ അവർ കണ്ടെത്തും.




**മേഴ്സി വെട്ടിക്കുഴക്കുന്നേൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**
**പരി. അമ്മ വിശുദ്ധിയുടെ മാതൃക**

*"അവൾ ഏകമനസോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു"* (നട 1,14).

പരി. അമ്മേ, ഈശോയുടെ സ്വർഗ്ഗാരോഹണത്തിനുശേഷം പ്രാർത്ഥിച്ചുകൊണ്ടിരുന്ന സമൂഹത്തിൽ അമ്മയുടെ സാന്നിധ്യവുമുണ്ടായിരുന്നുവല്ലോ. പരി. അമ്മേ ഞങ്ങളുടെ കുടുംബങ്ങളിൽ വിശ്വാസം ആഴപ്പെടുത്തുവാനും അങ്ങനെ നിരന്തരം പ്രാർത്ഥനയിൽ നിലനില്ക്കുന്ന കുടുംബമായി ഞങ്ങളുടെ കുടുംബങ്ങളെ രൂപപ്പെടുത്തുവാനുമുള്ള കൃപയ്ക്കായി അങ്ങേ മാധ്യസ്ഥ്യം ഞങ്ങൾ യാചിക്കുന്നു.
1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**രണ്ടാം ദിവ്യരഹസ്യം**
**പരി. അമ്മ രക്ഷയുടെ ആദ്യഫലം**

*"എന്റെ ആത്മാവ് കർത്താവിനെ മഹത്ത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു"* (ലൂക്കാ 1,46)

പരി. അമ്മേ, അങ്ങ് രക്ഷയുടെ ആദ്യഫലമാണ്. രക്ഷ ആദ്യം അനുഭവിച്ചറിഞ്ഞവളാണ്. അമ്മേ, അനുദിന ജീവിതത്തിൽ രക്ഷകനായ ദൈവം കടന്നുവരുന്നതിന്റെ ആനന്ദം അനുഭവിച്ചുകൊണ്ട് ജീവിക്കുവാൻ അമ്മ ഞങ്ങളെയും സഹായിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**മൂന്നാം ദിവ്യരഹസ്യം**
**പരി. അമ്മ കൃപ നിറഞ്ഞവൾ**

*"കൃപ നിറഞ്ഞവളേ, സ്വസ്തി! കർത്താവു നിന്നോടുകൂടെ"*

പരി. അമ്മേ, മനുഷ്യകുലത്തിന്റെ 'ഏക അഭിമാനം"എന്ന് സഭാപിതാക്കന്മാർ അമ്മയെ വിശേഷിപ്പിച്ചുവല്ലോ. കൃപയ്ക്ക് ഒരു കുറവും വരുത്താതെ അവസാനംവരെ അമ്മ ജീവിച്ചുവല്ലോ. അമ്മയുടെ വ്യക്തിത്വത്തിന്റെ തനിമയായ കളങ്കമില്ലാത്ത ജീവിതം നയിക്കുവാൻ അമ്മ ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**നാലാം ദിവ്യരഹസ്യം**
**പരി. അമ്മ വിശുദ്ധയിൽ നിലനിൽക്കാനായി സഹിച്ചവൾ**

*"മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിന്റെ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു"* (ലൂക്കാ 2,48)

മനസ്സിലാക്കാൻ സാധിക്കാത്ത അനുഭവങ്ങളെ ഹൃദയത്തിൽ സംഗ്രഹിച്ച് അവയെല്ലാം ധ്യാനിച്ച് പ്രാർത്ഥനയുടെ വിഷയമാക്കിയ പരി. അമ്മേ, സഹനങ്ങൾ പ്രാർത്ഥനയുടെ വിഷയമാക്കി ദൈവത്തിൽനിന്നും ശക്തിയാർജ്ജിക്കുവാൻ അമ്മ ഞങ്ങളെ സഹായിക്കണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.

**അഞ്ചാം ദിവ്യരഹസ്യം**
**പരി. അമ്മ വിശുദ്ധിയുടെ സഹയാത്രിക**

*"ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ"* (ലൂക്കാ 1,38)

പുത്രനായ ഈശോയുടെ ദൗത്യം ശ്ലീഹന്മാരിലൂടെ തുടരുന്നതിനായി അവരെ സ്നേഹത്തിൽ ഒന്നിപ്പിച്ചു നിർത്തിയ പരി. അമ്മേ, ഞങ്ങളുടെ ഓരോരുത്തരുടെയും വിളിക്കനുസൃതമായി ജീവിക്കുവാൻ വിശുദ്ധിയുടെ സഹയാത്രികയായി അമ്മ ഞങ്ങളോടൊപ്പമുണ്ടാകണമേ. 1 സ്വർഗ്ഗ, 10 നന്മ, 1 ത്രിത്വസ്തുതി.





RNI: KERMAL/2014/59983
Published on
24th march 2017

PRATHEEKSHAYUDE POOMOTTUKAL
(Malayalam Monthly)

Registered: KL/KTM/72/2015-17
Licence No: KL/CR/KTM/WPP-43/2015-17
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"നിന്റെ പുനരുത്ഥാനംവഴി സ്വർഗത്തെ ഭൂമിയുമായി രഞ്ജിപ്പിച്ച മിശിഹായേ, മാമ്മോദീസാവഴി പാപത്തിനു മരിച്ചവരായ ഞങ്ങൾ ഉത്ഥാനത്തിന്റെ ചൈതന്യത്തിൽ പ്രകാശത്തിന്റെ മക്കളായി വ്യാപരിക്കുവാൻ ഇടയാക്കണമേ. തിരുവുത്ഥാനത്തിൽ സംജാതമായ സമാധാനവും ശാന്തിയും ആനന്ദവും നുകർന്നുകൊണ്ട് പരസ്പരസ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ ഞങ്ങളെ ശക്തരാക്കുകയും ചെയ്യണമേ."

(എന്താനാ, ഉയിർപ്പുകാലം-തിങ്കൾ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O, Kottayam - 686 018, Printed at WiGi Printers, Manganam P.O, Kottayam - 686 018, Ph:0481- 2570862, Email: wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018,Ph:0481- 2578192, Email; psmktm @ gmail com.
Editor : Fr. Mathew Vellanickal